# ടുണീഷ്യയിൽ അറബ് വസന്തം

അറബ് രാജ്യങ്ങളിലെ ഏകാധിപത്യ ഭരണകൂടങ്ങൾക്കെതിരായ ജനരോഷാഗ്നിക്കു തിരികൊളുത്തപ്പെട്ട ടുണീഷ്യയുടെ രാഷ്ട്രീയ ഭാവി എന്തായിരിക്കുമെന്ന ജിജ്ഞാസയും ഒപ്പം ആശങ്കയും ലോകജനമനസ്സുകളിൽ സൃഷ്ടിച്ചിരിക്കുകയാണ് അവിടത്തെ സംഭവവികാസങ്ങൾ. ഉത്തരാഫ്രിക്കൻ രാഷ്ട്രമായ ടുണീഷ്യയിൽ ഈ വർഷം ഭരണം നടത്തിവന്ന പ്രസിഡണ്ട് സൈനൽ അബിദ്ദീൻ ബിൻ അലിയുടെ ഏകാധിപത്യത്തിനെതിരെ സിദി ബൗസിദ് നഗരത്തിൽ തുടങ്ങിയ ജനമുന്നേറ്റം സുനാമിപോലെ മറ്റു സമീപസ്ഥ രാഷ്ട്രങ്ങളിലേക്ക് അടിച്ചു കയറുകയായിരുന്നു. ബിൻ അലി ജനുവരി 14ന് അധികാരം വിട്ടൊഴിഞ്ഞു രാജ്യത്തുനിന്നു പലായനം ചെയ്തു.



ബിൻ അലി




ടുണീഷ്യൻ ജനതയുടെ ഈ കൂട്ടായ 'ചരിത്രം തിരുത്തിക്കുറിക്കലിൽ' നിന്നും പ്രചോദനം ഉൾക്കൊണ്ടെന്നവണ്ണം ഈജിപ്ത്, യെമൻ, ജോർദാൻ, ബഹ്റൈൻ, മൗറിത്താനിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലും ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നയത്തിനെതിരെ ജനരോഷം ആളിക്കത്തി. ലോകത്തെ ജനാധിപത്യ വിശ്വാസികൾക്കും സമാധാനകാംക്ഷികൾക്കും ഏറെ ആവേശം പകർന്ന സംഭവപരമ്പരയാണ് ഇതുവഴി അരങ്ങേറിക്കൊണ്ടിരിക്കുന്നത്. എന്നാൽ, ടുണീഷ്യയിലെ ഭരണഘടനാ നിർമാണ സമിതിയിലേക്കു നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം ജനാധിപത്യ മതേതരവാദികളിൽ ആശങ്കയുടെ കരിനിഴൽ വീഴ്ത്തുന്നതു തന്നെയാണ്. കാരണം, 217 അംഗ സമിതിയിൽ മതമൗലികവാദികളുടെ പാർട്ടിയായ അന്നഹ്ദ 90 സീറ്റുകൾ നേടി മേല്‌കൈ സ്വന്തമാക്കി. അറബ് ലോകത്തെ മതേതരവും പുരോഗമപരവുമായ മുഖമുദ്രയുള്ള പ്രബലരാഷ്ട്രമായ ടുണീഷ്യ വറചട്ടിയിൽ നിന്നും എരിതീയിലേക്കാണോ പോകുന്നത് എന്ന സന്ദേഹത്തിന് അടിസ്ഥാനം ഇല്ലാതില്ല. ടുണീഷ്യയുടെ പശ്ചാത്തലത്തിലേക്ക്.



# തളിർക്കുമോ വാടുമോ?

യൂറോപ്പിൽ മിഴിനട്ടു കഴിയുന്ന മുസ്ലിം ഭൂരിപക്ഷ ആഫ്രിക്കൻ രാജ്യമാണു ടുണീഷ്യ. ആഫ്രിക്കയുമായി ഭൂമിശാസ്ത്രപരമായ ബന്ധം മാത്രമേയുള്ളൂ ടുണീഷ്യയ്ക്ക്. ഏഴാം നൂറ്റാണ്ടു മുതൽ അറബിയാണു പ്രധാന ഭാഷ. സ്പാനിഷ്, ഫ്രഞ്ച് അധിനിവേശങ്ങൾക്കുശേഷവും കറപുരളാത്ത ഇസ്ലാമിക മതവിശ്വാസം തുടർന്നെങ്കിലും സെമറ്റിക് മതത്തിന്റെ ഒറ്റയടിപ്പാതയിൽനിന്നു വിശാലമായ കാഴ്ചപ്പാടുകളിലേക്കു ടുണീഷ്യൻ ദേശീയബോധം വളർന്നു വ്യാപിച്ചു. ഫ്രാൻസിൽ പോയി പഠിച്ചുവന്ന ദേശീയനേതാക്കളിലൂടെ യൂറോപ്പിന്റെ സംസ്കാരവും വിദ്യാഭ്യാസവും ടുണീഷ്യ ആർജിച്ചു. ഇന്നു ബുർഖ ധരിച്ചു സർക്കാർ ആഫീസിൽ വരുന്നവരെ ഔദ്യോഗിക മാധ്യമങ്ങൾ കളിയാക്കുന്ന സ്ഥിതിയിലേക്കു സാമൂഹികാന്തരീക്ഷം എത്തി. ആഫ്രിക്കയിൽ ഏറ്റവുമധികം പാശ്ചാത്യവത്ക്കരിക്കപ്പെട്ട സമൂഹമാണു ടുണീഷ്യയിലേത്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം സ്വേച്ഛാധിപത്യസർക്കാരുകളാണു ടുണീഷ്യ ഭരിച്ചതെങ്കിലും ഏറ്റവും മികച്ച ജീവിതനിലവാരം പുലർത്തുന്ന വികസ്വരരാഷ്ട്രങ്ങളിൽ ഒന്നാണു ടുണീഷ്യ.



ആഫ്രിക്കയുടെ പതിവുശീലങ്ങളായ പട്ടിണിമരണം, പാർപ്പിട ദൗർലഭ്യം, ആരോഗ്യ മേഖലയിലെ അരാജകത്വം എന്നിവ ടുണീഷ്യയിൽ ഇല്ല. എട്ടുശതമാനത്തിൽ താഴെ മാത്രമാണു ദരിദ്രർ. ഫ്രാൻസിൽ നിന്നു സ്വാതന്ത്ര്യം നേടിയ ശേഷം രണ്ടേ രണ്ടു ഭരണാധികാരികൾ മാത്രമേ ടുണീഷ്യയിൽ വാണിട്ടുള്ളൂ; 1956 മുതൽ 1987 വരെ ഹബീബ് ബുർഗിബയും 1987നു ശേഷം തുടർച്ചയായ 23 വർഷം ബിൻ അലിയും. ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും മാധ്യമങ്ങൾക്കും ടുണീഷ്യൻ സമൂഹത്തിൽ കാര്യമായി ഒന്നും ചെയ്യാനില്ലായിരുന്നു. സർവതും നിയന്ത്രിക്കുന്നതു പ്രസിഡണ്ടും ശിങ്കിടികളുമായിരുന്നു. എങ്കിലും സാമൂഹികസുരക്ഷിതത്വവും സമ്പത്തുമുള്ളതിനാൽ ജനകീയ വിപ്ലവങ്ങൾ മുളപൊട്ടാൻ മടിച്ചിരുന്നു.




വടക്കൻ ആഫ്രിക്കയിൽ മധ്യധരണ്യാഴിയുടെ തീരത്തുകിടക്കുന്ന രാജ്യമാണു ടുണീഷ്യ. വടക്കും കിഴക്കുമായാണു മധ്യധരണ്യാഴി (കടലിലൂടെ 158 കിലോമീറ്റർ വടക്കുകിഴക്കോട്ടു സഞ്ചരിച്ചാൽ തെക്കൻ ഇറ്റാലിയൻ ദ്വീപായ സിസിലിയിലെത്താം). പടിഞ്ഞാറ് അൽജീരിയ, തെക്ക് ലിബിയ എന്നിവയാണ് അയൽ രാജ്യങ്ങൾ. യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നീ വൻകരകളെ ബന്ധിപ്പിക്കുന്ന മധ്യധരണ്യാഴിയിലെ നിർണായകമായൊര് അറ്റത്തു കിടക്കുന്നതിനാൽ ടുണീഷ്യ എക്കാലത്തും അധിനിവേശകരുടെ പ്രിയഭൂമിയായിരുന്നു.

ഏതു സ്വാതന്ത്ര്യത്തെക്കാളും വലുതു പൗരസ്വാതന്ത്ര്യമാണെന്നും ഏതു സമ്പത്തിനെക്കാളും വലിയ സമ്പത്തു ജനാധിപത്യമാണെന്നുമുള്ള തിരിച്ചറിവിലെത്തിയ ടുണീഷ്യൻ ജനതയുടെ പടയോട്ടം അവരെ വസന്തത്തിലേക്കുതന്നെ എത്തിക്കട്ടെ.

***

ജനശബ്ദം

# കാലഹരണപ്പെട്ട മുല്ലപ്പെരിയാർ ഡാം

പി.ഡി. ജോസഫ്

മുല്ലപ്പെരിയാർ ഡാമിന് 13 സ്പിൽവേകളാണുള്ളത്. ജലനിരപ്പ് 136ൽ കൂടിയാൽ സ്പിൽവേ തുറന്നു ജലം പെരിയാറിലൂടെ ഒഴുക്കണം എന്നാണു വ്യവസ്ഥ. എന്നാൽ, ഈ സ്പിൽവേകൾ ഒന്നുപോലും തുറക്കാൻ പറ്റാത്തവിധം സ്പിൽവേക്കു മുമ്പിൽ കല്ലും മണ്ണും ഇട്ട് ആ ഭാഗം കുറ്റിക്കാടു നിറഞ്ഞു ചതുപ്പുനിലമായി മാറിയിരിക്കുന്നു. ഇങ്ങനെ ജലനിരപ്പ് ഉയർത്തി പരമാവധി ജലം തമിഴ്നാട് സംഭരിച്ചുകൊണ്ടിരിക്കുകയാണ്.



മുല്ലപ്പെരിയാറിനു കുറുകെ നിർമിച്ചിട്ടുള്ള ഏറെ കാലപ്പഴക്കം ചെന്ന ഒരു ഡാമാണു മുല്ലപ്പെരിയാർ ഡാം. 224 കി.മീ.ദൈർഘ്യമുള്ള പെരിയാറിനു കുറുകെ ധാരാളം ഡാമുകളുണ്ട്. കേരളത്തിലെ 44 നദികളിൽ പെരിയാർ നദിയിലാണ് ഏറ്റവും കൂടുതൽ ഡാമുകളുള്ളത്. പെരിയാറിന്റെ ഉത്ഭവസ്ഥാനത്ത് 1886ൽ പണിതു കമ്മീഷൻ ചെയ്ത മുല്ലപ്പെരിയാർ ഡാമിന് ഇപ്പോൾ 116 വയസ്.

ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഇന്ത്യയ്ക്കു സംഭാവന ചെയ്ത ജലസംഭരണി. ആധുനിക സാങ്കേതവിദ്യകൾ ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പണിത ഡാം. ഇതിന്റെ നിർമാണത്തിന് ഉപയോഗിച്ചതു മണൽ, കുമ്മായം, ശർക്കര, സുർക്കി മിശ്രിതം, കല്ലുകൾ എന്നിവയാണ്. കമ്പിയോ, സിമന്റോ ഇതിന് ഉപയോഗിച്ചിട്ടില്ല. ഭൂചലനത്തെ അതിജീവിക്കാനുള്ള യാതൊരു വിദ്യകളും ഇതിനു പ്രയോജനപ്പെടുത്തിയിട്ടുമില്ല.

ഈ ഡാം നിർമിക്കാനിടയായ സാഹചര്യം തമിഴ്നാട്ടിലെ നാലു ജില്ലകളിൽ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യമായിരുന്നു. പിന്നീടു കൃഷിചെയ്യുന്നതിനും അനുവാദം കരാറിലുണ്ടാക്കി. ഏതുവിധത്തിലും, കൊടുംചൂടിൽ ഇഞ്ചിഞ്ചായി മരിക്കുന്ന തമിഴ്നാട്ടിൽ ശുദ്ധജലം എത്തിക്കുകയെന്നതു തമിഴ്നാടിന്റെയും സായിപ്പന്മാരുടെയും മുഖ്യലക്ഷ്യമായിരുന്നു. ആയതിലേക്കായി നാട്ടുരാജാക്കന്മാരെ നിർബന്ധിച്ചു. തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ രാജാവും മദ്രാസ് ഭരണാധികാരികളും കൂടി കരാറിൽ ഒപ്പുവച്ചു. അങ്ങനെ കരാറുണ്ടാക്കി തമിഴ്നാട്ടിലേക്കു ധാരാളം ജലം കൊണ്ടുപോകാനും വരൾച്ചയിൽ നിന്നു മോചനം നേടാനും അവർക്കു കഴിഞ്ഞു.

മുല്ലപ്പെരിയാർ ഡാമിന്റെ നിർമാണ ചുമതല ബ്രിട്ടീഷുകാരനായ കേണൽ ജോൺ പെനിക്യുക് ആണ് ഏറ്റെടുത്തത്. രണ്ടു പ്രാവശ്യം ഡാംനിർമാണം നടത്തിയപ്പോഴും ഒലിച്ചുപോയി. പരിശ്രമം പാഴായപ്പോൾ വീണ്ടും നിർമിക്കുന്നതിനു ജോൺ പെനിക്യുക് തയ്യാറായി. പക്ഷേ, പണം നല്കാൻ ആരും തയ്യാറായില്ല. സമർത്ഥനായ കേണൽ ബ്രിട്ടണിലെത്തി തന്റെ കുടുംബസ്വത്തു വിറ്റു പണവുമായി ഇന്ത്യയിലെത്തി. വീണ്ടും ഡാം നിർമാണവുമായി മുന്നോട്ടു പോയി. മൂന്നാമത്തെ പ്രാവശ്യം അദ്ദേഹത്തിന്റെ പരിശ്രമം വിജയം കണ്ടെത്തി. അങ്ങനെ 1895ൽ മുല്ലപ്പെരിയാർ ഡാം കമ്മീഷൻ ചെയ്തു തമിഴ്നാട്ടിലേക്കു വെള്ളം ഒഴുക്കി.

26 ച.കി.മീ ആണ് ഇതിന്റെ വിസ്തൃതി. ഈ ഡാമിനോടു ചേർന്നു കിടക്കുന്ന വനമേഖലയാണു കേരളത്തിലെ ആദ്യത്തെ വന്യജീവി സംരക്ഷണകേന്ദ്രം. ഈ ഡാം സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 2000 മീറ്റർ ഉയരത്തിലാണു സ്ഥിതിചെയ്യുന്നത്. മുല്ലപ്പെരിയാർ ഡാമിന് ഒരു കരാർ ഉണ്ട്. ആ കരാർ ബ്രിട്ടീഷ് ഇന്ത്യ ഗവൺമെണ്ടും തിരുവിതാംകൂർ മഹാരാജാവും ചേർന്നാണ് ഒപ്പുവച്ചത്. ശ്രീമൂലം തിരുനാൾ മഹാരാജാവിനു വേണ്ടി ദിവാൻ രാമയ്യങ്കാറും റസിഡണ്ട് ജോൺ ചൈൽഡ് ഹാനിംഗ്ടണും ചേർന്ന് ഒപ്പുവച്ച കരാറിന്റെ സാക്ഷികൾ തിരുവിതാംകൂറിന്റെ പൊതുമരാമത്തു സെക്രട്ടറിയായിരുന്ന കെ.കെ. കുരുവിളയും വക്കീലായിരുന്ന ജെ.എച്ച്. പ്രിൻസുമാണ്.

ഈ പാട്ടക്കരാർ പ്രകാരം 8000 ഏക്കർ സ്ഥലമാണു തമിഴ്നാടിനു പാട്ടം കൊടുത്തത്. ഈ ഇനത്തിൽ പ്രതിവർഷം 4000 രൂപ തിരുവിതാംകൂറിനു ലഭിക്കുമായിരുന്നു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ 999 വർഷക്കാലത്തേക്കാണു പാട്ടക്കരാർ നിലനില്ക്കുന്നത്.

കാലങ്ങൾ കഴിയുമ്പോൾ പാട്ടക്കരാർ പുതുക്കാമെന്നും ആയതിലേക്കു കാലേക്കൂട്ടി അറിയിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഈ കരാറിൽ സംസ്ഥാനങ്ങൾ തമ്മിൽ തർക്കമുണ്ടായാൽ മധ്യസ്ഥനെ വച്ചു പ്രശ്നം പരിഹരിക്കാവുന്നതാണെന്നും വ്യവസ്ഥയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ അണക്കെട്ടു നിർമാണത്തിന് അവശ്യം വേണ്ട വസ്തുക്കളും വനത്തിൽ നിന്നു വെട്ടിയെടുക്കാം. 1200 അടി നീളത്തിൽ 155 അടി ഉയരത്തിൽ പണിതിരിക്കുന്ന മുല്ലപ്പെരിയാർ ഡാമിൽ ഇപ്പോൾ ശേഖരിക്കാവുന്ന ജലനിരപ്പ് 136 അടിയാണ്.

എന്നാൽ, തമിഴ്നാട് കുടിവെള്ളത്തിനും കൃഷിക്കും പുറമേ വൈദ്യുതി ഉത്പാദനവും തുടങ്ങിയപ്പോൾ ഡാമിലെ ജലനിരപ്പ് ഉയർത്തുന്നതിനായി സുപ്രീം കോടതിയിൽ പോയി വിധി സമ്പാദിച്ചു. ഇതിനു മുമ്പായി രാജഭരണകാലത്ത് ഉണ്ടാക്കിയ കരാർ കേരളം ഭരിച്ചിരുന്ന അച്യുതമേനോൻ മന്ത്രിസഭ 1970ൽ പുതുക്കി നല്കി (കേരളത്തിനു പറ്റിയ ഏറ്റവും വലിയ അബദ്ധം). ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ അവസാനിച്ചതോടെ അതുവരെയുണ്ടായിരുന്ന എല്ലാ കരാറുകളും നിർജീവമായതാണ്. എന്നാൽ, 1970 കളിൽ ചില രാഷ്ട്രീയ തന്ത്രത്തിലൂടെ 999 വർഷക്കാലത്തേക്ക് എഴുതിയ കരാർ വീണ്ടും പുതുക്കി ജീവൻ നല്കി.



*മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കണമെന്നാവശ്യപ്പെട്ടുള്ള സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടന്ന ബഹുജനറാലി*

മുല്ലപ്പെരിയാർ ഡാമിന് 13 സ്പിൽവേകളാണുള്ളത്. ജലനിരപ്പ് 136ൽ കൂടിയാൽ സ്പിൽവേ തുറന്നു ജലം പെരിയാറിലൂടെ ഒഴുക്കണം എന്നാണു വ്യവസ്ഥ. എന്നാൽ, ഈ സ്പിൽവേകൾ ഒന്നുപോലും തുറക്കാൻ പറ്റാത്തവിധം സ്പിൽവേക്കു മുമ്പിൽ കല്ലും മണ്ണും ഇട്ട് ആ ഭാഗം കുറ്റിക്കാടു നിറഞ്ഞു ചതുപ്പുനിലമായി മാറിയിരിക്കുന്നു. ഇങ്ങനെ ജലനിരപ്പ് ഉയർത്തി പരമാവധി ജലം തമിഴ്നാട് സംഭരിച്ചുകൊണ്ടിരിക്കുകയാണ്.

ഡാമിന്റെ സുരക്ഷയ്ക്കായി നിർദേശിക്കപ്പെട്ടിട്ടുള്ള നിയമങ്ങളെ കാറ്റിൽപറത്തി തമിഴ്നാടിന് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്ന ഒരു രീതി ഉടലെടുത്തു. അങ്ങനെ മുല്ലപ്പെരിയാർ ഡാമിന്റെ നിലനില്പിനെപ്പറ്റി ചിന്തിക്കാനോ കാലപ്പഴക്കത്തെക്കുറിച്ചു പഠിക്കാനോ, 60 വർഷത്തെ ഗ്യാരണ്ടി കേണൽ പെനിക്യുക് പറഞ്ഞത് ഓർമിക്കുവാനോ മെനക്കെടാതെ മാറി മാറി വന്ന കേരളത്തിന്റെ ഭരണകർത്താക്കൾ പാട്ടത്തുക വാങ്ങി തൃപ്തിപ്പെട്ടു. ഈ കാലഘട്ടത്തിലാണു തമിഴ്നാട് ജലനിരപ്പ് ഉയർത്തുന്നതിനു സുപ്രീംകോടതിയിൽ നിന്ന് അനുവാദം നേടിയെടുത്തത്.

2006ൽ വിധി സമ്പാദിച്ചപ്പോൾ അതിനെതിരെ പൊതുജനം സമരവുമായി രംഗത്തിറങ്ങി. മുല്ലപ്പെരിയാർ സമരസമിതി രൂപം കൊണ്ടു. അന്നു കേരളം ഭരിച്ചിരുന്ന ഉമ്മൻ ചാണ്ടി സർക്കാർ ഡാം സേഫ്റ്റി അതോറിറ്റിക്കു രൂപം നല്കി. ഡാമിൽ 136 അടിയിൽ കൂടുതൽ ജലം സംഭരിക്കാൻ പാടില്ലായെന്ന് അതോറിറ്റി നിർദ്ദേശം നല്കി. ഈ ഡാം സേഫ്റ്റി അതോറിട്ടിക്ക് എതിരെ തമിഴ്നാടു വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. പ്രസ്തുത കേസ്സാണ് ഇപ്പോൾ നിലനില്ക്കുന്നത്.

**മുല്ലപ്പെരിയാർ ഡാമിലെ ജലത്തിന്റെ കണക്കു പരിശോധിച്ചാൽ പരമാവധി 22 ടിഎംസി ജലം ഇതിൽ നിർത്താൻ കഴിഞ്ഞേക്കും. ഒരു ടിഎംസി ജലം എന്നു പറയുമ്പോൾ 1000 മില്യൺ ക്യൂബിക്കടി ജലമാണ് എന്ന് ഓർക്കണം. ഇടുക്കി ഡാമിൽ 70 ടിഎംസി ജലം നിലനിർത്താൻ കഴിയും. 70 ടിഎംസി ജലം ഇടുക്കിയിൽ നില്ക്കുമ്പോൾ മുല്ലപ്പെരിയാർ ഡാമിൽ നിന്നും 5 ടിഎംസി ജലം ഒഴുകിയെത്തിയാൽ എന്തായിരിക്കും സ്ഥിതി. ഊഹിക്കാൻ കഴിയുന്നതേയുള്ളു.**

### പെരിയാർ പാട്ടക്കരാർ-1886

ഈ കരാർ ലംഘിച്ച്, 8000 ഏക്കർ മാത്രം കൈവശം വയ്ക്കാൻ പാടുള്ളു യെന്ന വ്യവസ്ഥ ലംഘിച്ച് 736 ഏക്കർ ഭൂമി അധികമായി തമിഴ്നാടു കൈവശം വച്ചിരിക്കുന്നു. അങ്ങനെ ആകെ 8736 ഏക്കർ സ്ഥലം ഇപ്പോൾ കൈവശം വച്ചിരിക്കുന്നു. കുടിവെള്ളത്തിനും കൃഷിയ്ക്കും മാത്രമേ

ഉപയോഗിക്കാൻ പാടുള്ളുയെന്നതു കൂടാതെ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഡാമിന്റെ സുരക്ഷാ ക്രമീകരണങ്ങളിലും വീഴ്ച വരുത്തിയിരിക്കുന്നു. ഡാം പരിശോധനയ്ക്ക് എത്തുന്നവരെ അതിനനുവദിക്കാതെ തമിഴ്നാട് അധികൃതർ തിരികെ അയയ്ക്കുന്നതായി പത്രത്തിൽ വായിച്ചറിഞ്ഞിട്ടുള്ളതാണല്ലോ.

തമിഴ്നാട്ടിൽ നിന്നു മുല്ലപ്പെരിയാർ ഡാമിലേക്കു 18-ാം കനാൽ നിർമിച്ചു ജലം കൊണ്ടുപോകുന്നു. മേൽ വിവരിച്ച കരാർ ലംഘനം നടത്തുമ്പോഴും ഇതിനെതിരെ പ്രതികരിക്കുവാൻ ഇവിടെ ഭരണകക്ഷിയുമില്ല പ്രതിപക്ഷവുമില്ല. കേന്ദ്ര ഗവൺമെണ്ട് ഇടപെടേണ്ട കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടായിട്ടുമില്ല. ഇരു സംസ്ഥാനങ്ങളേയും വിളിച്ചിരുത്തി സമാധാനപരമായി പ്രശ്നം പരിഹരിക്കേണ്ടതാണ്.

മുല്ലപ്പെരിയാർ ഡാമിലെ ജലത്തിന്റെ കണക്കു പരിശോധിച്ചാൽ പരമാവധി 22 ടിഎംസി ജലം ഇതിൽ നിർത്താൻ കഴിഞ്ഞേക്കും. ഒരു ടിഎംസി ജലം എന്നു പറയുമ്പോൾ 1000 മില്യൺ ക്യൂബിക്കടി ജലമാണ് എന്ന് ഓർക്കണം. ഇടുക്കി ഡാമിൽ 70 ടിഎംസി ജലം നിലനിർത്താൻ കഴിയും. 70 ടിഎംസി ജലം ഇടുക്കിയിൽ നില്ക്കുമ്പോൾ മുല്ലപ്പെരിയാർ ഡാമിൽ നിന്നും 5 ടിഎംസി ജലം ഒഴുകിയെത്തിയാൽ എന്തായിരിക്കും സ്ഥിതി. ഊഹിക്കാൻ കഴിയുന്നതേയുള്ളൂ. പെരുമ്പാവൂർ, ആലുവ,എറണാകുളം ഒന്നും ഭൂപടത്തിൽ കാണുകയില്ല. മുല്ലപ്പെരിയാർ മുതൽ ഇടുക്കി വരെയുള്ള ഭൂപ്രദേശം പോലും അന്യമായിപ്പോകും. ഉദാ. പന്നിയാർ ദുരന്തം നമ്മുടെ ഓർമയിൽ നിന്നു മാഞ്ഞിട്ടില്ലല്ലോ. ഒരു പെൻസ്റ്റോക്ക് പൈപ്പു പൊട്ടിയപ്പോൾ എത്ര ജീവനാണു പൊലിഞ്ഞത്? എത്രയേറെ നാശനഷ്ടങ്ങളാണു സംഭവിച്ചത്? ഇനിയും അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ.



*മുല്ലപ്പെരിയാർ ഡാമിൽ വിദഗ്ധസമിതി കണ്ടെത്തിയ കാലപ്പഴക്കത്തെ തുടർന്നുള്ള തകരാറുകൾ.*

കഴിഞ്ഞ ഒക്ടോബർ 13 നു നാം ലോക ദുരന്ത ലഘൂകരണ ദിനം ആചരിച്ചല്ലോ. അതിലേക്കു നമ്മുടെ ഗവൺമെണ്ട് ചില നല്ല കാര്യങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. വളരെ സ്വാഗതാർഹമായ തീരുമാനങ്ങളാണ് അവ. എന്നാൽ, പെരിയാറിന്റെ തീരദേശവാസികൾ വർഷങ്ങളായി ആവശ്യപ്പെടുന്ന വഴിവിളക്ക്, അപകടമുന്നറിയിപ്പു സംവിധാനങ്ങൾ തുടങ്ങിയവയൊന്നും നാളിതുവരെ ചെയ്തിട്ടില്ല. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ സജീവ ശ്രദ്ധ പതിയേണ്ടതാണ്.

*(മുല്ലപ്പെരിയാർ സമരസമിതി കൺവീനറാണു ലേഖകൻ)* ***

അറിയേണ്ടും കാര്യം

## ലോകത്തെ കാത്തിരിക്കുന്നതു ഭക്ഷ്യപ്രതിസന്ധി

**ലോകജനസംഖ്യ** എഴുന്നൂറു കോടി പിന്നിട്ടതോടെ വികസിത, അവികസിത ഭേദമെന്യേ ലോകരാഷ്ട്രങ്ങളെയെല്ലാം കടുത്ത ഭക്ഷ്യപ്രതിസന്ധിയാണു കാത്തിരിക്കുന്നതെന്നു വിദഗ്ധർ മുന്നറിയിപ്പു നല്കുന്നു. ഇതു രൂക്ഷമായ നിലയിൽ ബാധിക്കുക ആഫ്രിക്കയിലെയും ഏഷ്യയിലെയും രാജ്യങ്ങളെയായിരിക്കും. 2050ഓടെ ലോകജനസംഖ്യ 900 കോടി കവിയും. അതായത് എല്ലാവരുടെയും വിശപ്പടക്കാൻ നിലവിലുള്ള ഭക്ഷ്യോത്പാദനം കുറഞ്ഞതു രണ്ടു മടങ്ങെങ്കിലും ആകണമെന്നു സാരം. പക്ഷേ, ജനസംഖ്യാ വർധനയ്ക്ക് ആനുപാതികമായി ഭക്ഷ്യോത്പാദനം വർധിക്കുന്നില്ല. എന്നു മാത്രമല്ല അനുദിനം



അതു ക്രമാതീതമായി കുറഞ്ഞുകൊണ്ടുമിരിക്കുന്നു. നിലവിൽ 100 കോടിയിലധികം പേർ കൊടുംപട്ടിണിയിലാണ്. 1950കളിലും അറുപതുകളിലും ഏഷ്യയിലും ദക്ഷിണ അമേരിക്കയിലുമുണ്ടായ ഹരിതവിപ്ലവമാണു ലോകത്തെ കൊടുംപട്ടിണിയിൽ നിന്നും ഇത്രയെങ്കിലും സംരക്ഷിച്ചുനിർത്തിയത്. എന്നാൽ, ആ ഹരിതവിപ്ലവം ആഫ്രിക്കൻ രാജ്യങ്ങളിൽ നടപ്പായിരുന്നില്ല. ഏഷ്യൻ രാജ്യങ്ങളിൽ കഴിഞ്ഞ 50 വർഷങ്ങൾ കൊണ്ടു രാസവളങ്ങളുടെ ഉപയോഗം 40 മടങ്ങു വർധിച്ചു. മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടി കുറയുന്നതിന് ഇതു കാരണവുമായി. ***

സുദർശനം

# മലയാളകഥയിലെ ക്ഷത്രിയൻ

കിളിരൂർ രാധാകൃഷ്ണൻ



മലയാള സാഹിത്യത്തിൽ ഒരു ഉഷ്ണമേഖല ഉണ്ടെന്നു കണ്ടെത്തുകയും സമൂഹത്തിൽ വസൂരിയെക്കാൾ വേഗം പടർന്നു പിടിക്കുന്ന പല മൂല്യച്യുതികളും നിലവിലുണ്ടെന്നു ചൂണ്ടിക്കാട്ടുകയും, ഇതിനെല്ലാം സാക്ഷിയായി വർത്തിച്ചുകൊണ്ട് ഈ 'വിഡ്ഢികളുടെ സ്വർഗ'ത്തെ നോക്കി നിസ്സംഗനായി പുഞ്ചിരിക്കുകയും ചെയ്തിരുന്ന ആധുനികതയുടെ പ്രണേതാവായ കാക്കനാടൻ ഒരു കാക്ക പറന്നു പോകും പോലെ കാണാമറയത്തേക്കു പറന്നുപോയി. ജോർജ് വർഗീസ് കാക്കനാടനെ ഏറ്റവും അടുപ്പമുള്ള സുഹൃത്തുക്കൾ 'കാക്ക'യെന്നു ഷോർട്ട്ഫോമിൽ പരാമർശിക്കാറുണ്ട്. ഒറ്റക്കൊമ്പിൽ ഒറ്റയ്ക്കിരുന്നു, ചരിഞ്ഞ നോട്ടത്തിലൂടെ മലയാള സാഹിത്യരംഗത്തെയും രാഷ്ട്രീയ, സാമൂഹിക രംഗങ്ങളെയുമെല്ലാം വിലയിരുത്തുന്ന ആ കാക്ക, നമ്മുടെ പ്രിയപ്പെട്ട ബേബിച്ചായൻ ഓർമയായി. 'ഈ നായ്ക്കളുടെ ലോക'ത്തോട് അദ്ദേഹം വിടപറഞ്ഞുവല്ലോ.

ഒരു കൊടുങ്കാറ്റുപോലെയാണു കാക്കനാടൻ കഥാരംഗത്തു പറന്നുവീഴുന്നത്. അതുവരെ അനുഭവവേദ്യമല്ലാതിരുന്ന കഥാകഥന രീതികൊണ്ടും ആശയഗാംഭീര്യം കൊണ്ടും യുവത്വത്തിന്റെ അധൃഷ്യമായ ആധിപത്യം സ്ഥാപിച്ചുകൊണ്ടും കഥയിലെ ആധുനികനായി നേരിട്ടവതരിച്ച കാക്കനാടന് 'ആധുനികരുടെ ഗുരു' എന്നൊരു സ്ഥാനം ചിലർ കല്പിച്ചു നല്കിയെങ്കിലും, താൻ ആരുടെയും ഗുരുവുമല്ല ശിഷ്യനുമല്ല, താനൊരു പ്രസ്ഥാനത്തിന്റെയും വക്താവുമല്ല എന്നു കാക്കനാടൻ പലവട്ടം വ്യക്തമാക്കിയിട്ടുണ്ട്.

എസ്റ്റാബ്ലിഷ്മെന്റുകളെയെല്ലാം എതിർക്കുകയും സർവതും ഉടച്ചുവാർക്കാൻ സമയമായെന്നു പ്രഖ്യാപിക്കുകയും ചെയ്ത ഈ കഥാകാരൻ 78 സംവത്സരത്തെ ജീവിതത്തിനിടയിൽ ഒരിക്കലും ഒന്നിനോടും വിട്ടുവീഴ്ചയ്ക്കു തയ്യാറായില്ല. എന്നും കലാപകാരിയായി തുടർന്നു. 'അഭിമന്യുവിനെപ്പോലെ' സാഹസികനായിരുന്നു കാക്കനാടൻ. ശുദ്ധാത്മാവായ, സ്നേഹസമ്പന്നനായ ഈ എഴുത്തുകാരൻ ഒരിക്കലും തന്റെ സാഹിത്യരചനകൾ ഒരു ജീവിതോപാധിയായി കണ്ടിട്ടില്ല.

മറ്റു പല എഴുത്തുകാരെയും പോലെ റോയൽറ്റി കണക്കു പറഞ്ഞു വാങ്ങാനോ, കണക്കു സൂക്ഷിക്കാനോ ഒന്നും അദ്ദേഹം ശ്രദ്ധിച്ചില്ല. 'കിട്ടിയാൽ കിട്ടി, കിട്ടിയതു ഭാഗ്യം' എന്നായിരുന്നു ഭാവം. അതുകൊണ്ടു തന്നെ ജീവിതം അടിപൊളിയായി ആഘോഷിക്കാനൊന്നും ബേബിച്ചായന് ഒരിക്കലും കഴിഞ്ഞില്ല. ജീവിതം അതിന്റെ വഴിക്കു പോകട്ടെ എന്ന മട്ടിൽ കടിഞ്ഞാണയച്ചു വിട്ടതല്ലാതെ ഒരിക്കലും ഒരു പ്ലാനിങ്ങും കൂടാതെ ജീവിച്ച ആ മനുഷ്യന് ഏറ്റവും വിലപ്പെട്ടതു സൗഹൃദമായിരുന്നു. ആർക്കും എപ്പോഴും വാരിക്കോരി കൊടുക്കാനുള്ള കറകളഞ്ഞ സ്നേഹം ആ മനസ്സിൽ എത്രവേണമെങ്കിലും ഉണ്ടായിരുന്നു. താൻ സ്നേഹിക്കുന്നതുപോലെയാണു തന്നെ മറ്റുള്ളവരും സ്നേഹിക്കുന്നതെന്ന് അദ്ദേഹം ഉറച്ചു വിശ്വസിക്കുകയും ചെയ്തിരുന്നു. അക്കാര്യത്തിൽ

മറ്റു പല എഴുത്തുകാരെയും പോലെ റോയൽറ്റി കണക്കു പറഞ്ഞു വാങ്ങാനോ, കണക്കു സൂക്ഷിക്കാനോ ഒന്നും അദ്ദേഹം ശ്രദ്ധിച്ചില്ല. 'കിട്ടിയാൽ കിട്ടി, കിട്ടിയതു ഭാഗ്യം' എന്നായിരുന്നു ഭാവം. അതുകൊണ്ടു തന്നെ ജീവിതം അടിപൊളിയായി ആഘോഷിക്കാനൊന്നും ബേബിച്ചായന് ഒരിക്കലും കഴിഞ്ഞില്ല. ജീവിതം അതിന്റെ വഴിക്കു പോകട്ടെ എന്ന മട്ടിൽ കടിഞ്ഞാണയച്ചു വിട്ടതല്ലാതെ ഒരിക്കലും ഒരു പ്ലാനിങ്ങും കൂടാതെ ജീവിച്ച ആ മനുഷ്യന് ഏറ്റവും വിലപ്പെട്ടതു സൗഹൃദമായിരുന്നു.അക്കാര്യത്തിൽ താൻ മറ്റാരെക്കാളും സമ്പന്നനാണെന്നു പറയാറുമുണ്ട്. ഇവിടെ ഈ തീരത്തു 'സ്നേഹത്തിന്റെ ഇടവപ്പാതി' യായിരുന്നു കാക്കനാടൻ.

താൻ മറ്റാരെക്കാളും സമ്പന്നനാണെന്നു പറയാറുമുണ്ടായിരുന്നു. ഇവിടെ ഈ തീരത്തു 'സ്നേഹത്തിന്റെ ഇടവപ്പാതി'യായിരുന്നു കാക്കനാടൻ.

പ്രസാധന സംബന്ധമായ കത്തിടപാടുകളിലൂടെ ആരംഭിച്ച ഞങ്ങളുടെ ബന്ധം ശരിക്കും ജ്യേഷ്ഠാനുജബന്ധമായി മാറിയതു വളരെ വേഗമാണ്. ബേബിച്ചായനും ബേബിച്ചേട്ടനും (വൈക്കം ചന്ദ്രശേഖരൻ നായർ) ചേർന്നുള്ള സംഗമങ്ങൾ കൊല്ലത്തു ചെല്ലുമ്പോഴൊക്കെ ഉണ്ടായിട്ടുണ്ട്. വൈക്കത്തിന്റെ മകൻ ഗിരിധരൻ, കാക്കനാടന്റെ മകൾ രാധയെ വിവാഹം കഴിച്ചതോടെ രണ്ടു 'ബേബി'മാരും തമ്മിലുള്ള ബന്ധം കൂടുതൽ ഇഴുക്കമുള്ളതായി. രണ്ടുപേരും സാഹിത്യത്തിലെ ഒറ്റയാന്മാരായിരുന്നു. അതാവാം ആ മനസ്സുകളെ അത്രയേറെ അടുപ്പിച്ചതും. ഒരിക്കൽ ഞങ്ങൾ മൂവരും കൊല്ലത്തെ ഒരു ഹോട്ടലിൽ ചായ കുടിച്ചുകൊണ്ടിരിക്കെ വൈക്കം സഹജമായ കള്ളച്ചിരിയോടെ ഒരു ജീവിതസത്യം വിവരിച്ചു.

"എനിക്കു സാമ്പത്തികമായ എന്തെങ്കിലും അത്യാവശ്യം വരുമ്പോൾ ആരെയാണു വിളിക്കേണ്ടതെന്ന് ആലോചിച്ചുകൊണ്ടു ഞാൻ ഫോണിനടുത്തു ചെന്നിരിക്കും. ബേബിയെത്തന്നെ വിളിക്കാം എന്നു തീരുമാനിക്കുമ്പോൾ ഫോൺ ബെല്ലടിക്കും. എടുത്തു നോക്കുമ്പോൾ അങ്ങേത്തലയ്ക്കൽ ബേബി തന്നെയാവും. പ്രശ്നം എന്റേതു തന്നെ. എങ്ങനെയുണ്ട് ഞങ്ങളുടെ മനപ്പൊരുത്തം?'' ഞങ്ങൾ ചിരിച്ചുവെങ്കിലും അതൊരു കണ്ണു നനയിക്കുന്ന സത്യമായിരുന്നു. ഇരുവർക്കും സാമ്പത്തികഞെരുക്കം പതിവാണ്. പക്ഷേ, അഭിമാനികളായ അവർ അത് അന്യോന്യം പങ്കുവച്ചതല്ലാതെ മറ്റൊരാളെയും അറിയിച്ചില്ല. അവരുടെ ആത്മബന്ധത്തിന്റെ ആഴം അളക്കാനാവാത്തതായിരുന്നു.

നാലഞ്ചുമാസം മുൻപുവരെ ഇടയ്ക്കിടെ ഞങ്ങൾ ഫോണിൽ ബന്ധപ്പെടുമായിരുന്നു. ബേബിച്ചന്റെ ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്നു ഞാൻ അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ എല്ലാ പുസ്തകങ്ങളും പല പ്രസാധകരുടെ പക്കലായി മാർക്കറ്റിലുണ്ടെന്നു ബേബിച്ചായൻ പറഞ്ഞു. അതു കേട്ടപ്പോൾ എനിക്ക് അത്യധികം സന്തോഷം തോന്നി. ബേബിച്ചായന്റെ ഒരു പുസ്തകവും മറവിയുടെ മൂലയിൽ പെട്ടുപോയില്ലല്ലോ. എന്നിട്ടും ഞാൻ ക്ഷമയോടെ തിരഞ്ഞപ്പോൾ ഒരു പുസ്തകം ബേബിച്ചായൻ പോലും ഓർക്കാതെ കിടക്കുന്നതു കണ്ടെത്തി. 'വിഡ്ഢികളുടെ സ്വർഗം' എന്ന ആ ചെറുനോവൽ പ്രസിദ്ധീകരിക്കാൻ സസന്തോഷം ബേബിച്ചായൻ എനിക്ക് അനുമതിയും തന്നു. പുസ്തകം ഇറക്കി ആദ്യത്തെ റോയൽറ്റിയും അയച്ചു കൊടുത്തുവെന്നതിന്റെ കൃതാർത്ഥത വളരെ വലുതാണ്. അതെന്റെ ഗുരുദക്ഷിണയായി പരിണമിച്ചു!

ഗ്രീൻബുക്സിന്റെ എം.ഡി. കൃഷ്ണദാസ്, കാക്കനാടന്റെ ഒരു കഥാ സമാഹാരം ഇറ



*കാക്കനാടന്റെ മൃതദേഹത്തിനരികെ ഭാര്യ അമ്മിണി.*

ക്കുന്നതിന് എന്നെ സമീപിച്ചപ്പോൾ ഞാൻ ബേബിച്ചായനെ വിളിച്ചു. 'ഗോൾഡൻ കഥകൾ' സീരീസിലേക്കു കഥാകാരന് ഏറെ ഇഷ്ടപ്പെട്ട കുറച്ചു കഥകൾ തെരഞ്ഞെടുത്തു കൊടുക്കണമെന്നാണു ഞാൻ ആവശ്യപ്പെട്ടത്. അതിന് അദ്ദേഹം തന്ന മറുപടി എന്നും ഞാൻ സ്നേഹത്തോടെ ഓർമിക്കുന്നു. "രാധാകൃഷ്ണന് ഇഷ്ടപ്പെട്ട കഥകൾ തെരഞ്ഞെടുത്തുകൊള്ളുക. അവയെല്ലാം എനിക്ക് ഏറെ ഇഷ്ടപ്പെട്ടവയായിരിക്കും. സംശയം വേണ്ട."

ഞാൻ കുറെ കഥകൾ തെരഞ്ഞെടുത്തു. ആ ലിസ്റ്റ് അയച്ചുകൊടുത്തപ്പോൾ എന്നെ വിളിച്ചു. "അസ്സലായിരിക്കുന്നു സെലക്ഷൻ. ഇതാ ഞാൻ പറഞ്ഞതു മനപ്പൊരുത്തം നമുക്കു വേണ്ടത്ര ഉണ്ടെന്ന്."

ഈശ്വരാ, അതൊരു വലിയ ബഹുമതിയായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. ഒരിക്കൽ പുതിയ രചനയൊന്നുമില്ലേ എന്നു ചോദിച്ചപ്പോൾ പറഞ്ഞതിങ്ങനെ: ഉണ്ട്. വളരെ ബൃഹത്തായ ഒരു രചയിലാണിപ്പോൾ. ഞാനൊരു ക്ഷത്രിയനാണെന്നുള്ള മഹാസത്യം രാധാകൃഷ്ണനറിയാമോ?

ഒന്നും മനസ്സിലായില്ലല്ലോ ബേബിച്ചായാ...

''എന്നാൽ, മനസ്സിലാക്കിക്കോ. എന്റെ മുതുക്കന്മാർ ഒന്നാന്തരം ക്ഷത്രിയരായിരുന്നു. ഞാനതൊക്കെ ഗവേഷണം ചെയ്തു വച്ചിട്ടുണ്ട്. എന്റെ ഞരമ്പുകളിലോടുന്നത് ഒന്നാന്തരം ക്ഷത്രിയരക്തമാണ്.ആ പുരാവൃത്തമാണ് ഇനി ഞാനെഴുതുന്നത്. പക്ഷേ, അതെന്റെ അവസാനത്തെ കൃതിയുമായിരിക്കും. അതുകൊണ്ടു വളരെ സാവകാശത്തിലേ എഴുതുന്നുള്ളൂ.മരിക്കാൻ എനിക്കത്ര ധൃതിയൊന്നുമില്ല!".

അപ്പോൾ കാര്യം വ്യക്തമായില്ലെങ്കിലും പിന്നീടറിഞ്ഞു ആ നോവൽ പൂർത്തിയാകുന്നതോടെ താൻ മരിക്കും എന്നൊരു വിശ്വാസം അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുകൂടിയിരുന്നു എന്ന്. 'ക്ഷത്രിയൻ' പൂർത്തിയായി അച്ചടിച്ചു വായിക്കാൻ കാത്തിരുന്ന മലയാളികൾക്കു നിരാശ പകർന്നുകൊണ്ട് അദ്ദേഹം യാത്രയായി. മലയാള സാഹിത്യത്തിലെ ഒരു 'ക്ഷത്രിയനാ'യിരുന്നു കാക്കനാടൻ എന്നതിനു സംശയമില്ല. ക്ഷാത്രതേജസ് ത്രസിക്കുന്ന ഭാഷയുമായി ചാടിവീണ അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിലൂടെ പല മഹായുദ്ധങ്ങൾ തന്നെ നാം കണ്ടുവല്ലോ. ഏഴാം മുദ്രയും വസൂരിയും സാക്ഷിയും ഈ നായ്ക്കളുടെ ലോകവും പറങ്കിമലയുമൊക്കെ വ്യവസ്ഥാപിത തിന്മകളോട് ഏറ്റുമുട്ടി നടത്തിയ മഹായുദ്ധങ്ങളാണല്ലോ. നന്മയുടെ വക്താവായി ഒരുവനും ഈ ദുഷിച്ചു നാറിയ സാമൂഹ്യ വ്യവസ്ഥയിൽ ജീവിക്കാനാവില്ല എന്നു തെളിയിക്കുന്ന 'വിഡ്ഢികളുടെ സ്വർഗം' മറ്റൊരു കലാപമാണ്.

'ക്ഷത്രിയൻ' പൂർത്തിയാക്കിയില്ലെങ്കിലും പൂർത്തിയായ കൃതികളെല്ലാം ഒരു ക്ഷത്രിയൻ രചിച്ചതാണെന്നു നമുക്ക് അഭിമാനിക്കാം. കാക്കയെന്ന കാക്കനാടനെന്ന ബേബിച്ചായനെന്ന ജോർജ് വർഗീസ് കാക്കനാടൻ ശരിക്കും ഒരവതാരമായിരുന്നു. ഇനി ആവർത്തിക്കാനിടയില്ലാത്ത ഒരവതാരം. ആ മനുഷ്യസ്നേഹിയുടെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം. ***



# ദമയന്തി നളനെ വരിക്കുന്നു

**സവ്യസാചി**

## നളചരിതം 2

ദേവന്മാർ വരുന്നവഴിയിൽ നിഷധത്തിൽ നിന്നു വിദർഭയിലേക്കു പോകുന്ന നളരാജാവിനെ കണ്ടുമുട്ടി. ആകാശത്തിൽ വിമാനം നിർത്തി അവർ താഴെയിറങ്ങി. നളന്റെ രൂപസൗന്ദര്യം കണ്ട ദേവന്മാർ ആശ്ചര്യഭരിതരായി. ദേവലോകവാസികളായ തങ്ങളെപ്പോലും നിഷ്പ്രഭരാക്കുന്ന സൗന്ദര്യപൂർണത! അവർ നളനോടു പറഞ്ഞു:

അല്ലയോ നിഷധരാജാവേ, സത്യവ്രതനായ ഭവാൻ ഞങ്ങൾക്കൊരു സഹായം ചെയ്യണം. ഞങ്ങളുടെ ദൂതനാകണം.

അങ്ങനെ ചെയ്യാം എന്നു സമ്മതിച്ചു കൈകൂപ്പി നിന്നു കൊണ്ടു നളൻ വളരെ ഭവ്യതയോടെ ചോദിച്ചു: നിങ്ങളാരാണ്? ആരുടെ സമീപത്തേക്കാണു ഞാൻ ദൂതനായി പോകേണ്ടത്? എന്തൊക്കെയാണു ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്യേണ്ടത്?

അപ്പോൾ ദേവേന്ദ്രൻ പറഞ്ഞു: ദമയന്തിയെ സ്വയംവരം ചെയ്യാൻ ആഗ്രഹിച്ചു വന്നിരിക്കുന്ന വാനവരാണു ഞങ്ങൾ . ഞാൻ ഇന്ദ്രൻ, ഇദ്ദേഹം അഗ്നി, ഇതു വരുണൻ, അദ്ദേഹം യമനും. നീ ചെന്നു ദമയന്തിയോടു പറയണം അവളെ ഭാര്യയായി കിട്ടാനാഗ്രഹിച്ച് ഇന്ദ്രാദി ലോകപാലകന്മാർ വരുന്നുണ്ട്, അവരിലൊരാളെ സ്വയംവരം ചെയ്യണം എന്ന്.

അതു കേട്ടു നളൻ ധർമസങ്കടത്തിലായി. അദ്ദേഹം തൊഴുതു കൊണ്ടു പറഞ്ഞു. ദേവകൾ എന്നോടു ക്ഷമിക്കണം. ഞാനും പോകുന്നത് അതിനുവേണ്ടി തന്നെയാണ്. അതുകൊണ്ടെന്നെ ദൂതനായി പോകാൻ നിർബന്ധിക്കരുത്. കാമവിവശനായ പുരുഷന് അവനിഷ്ടപ്പെടുന്ന സ്ത്രീയെ ഉപേക്ഷിക്കാൻ കഴിയുന്നതെങ്ങനെ? എന്നോടു ക്ഷമിക്കണം.

നളന്റെ വാക്കുകൾ ദേവകൾക്കു സ്വീകാര്യമായില്ല. അവർ ചോദിച്ചു: ആദ്യം ചെയ്യാമെന്നേറ്റിട്ട് ഇപ്പോൾ ചെയ്യില്ലെന്നു വാക്കുമാറുന്നതു സജ്ജന ധർമമല്ലല്ലോ.

അപ്പോൾ നളൻ വീണ്ടും പറഞ്ഞു. ജാഗ്രതയോടെ കാവൽ നില്ക്കുന്ന പരാക്രമികളായ പടയാളികളെ മറികടന്നു ഞാൻ എങ്ങനെയാണു കൊട്ടാരത്തിലെ അന്തഃപുരത്തിൽ കടക്കുക?

അതോർത്തു നീ വിഷമിക്കേണ്ട-ദേവേന്ദ്രൻ പറഞ്ഞു. നീ അന്തഃപുരത്തിലെത്തുമ്പോൾ കാവൽക്കാർക്കു നിന്നെ കാണാൻ കഴിയില്ല. നിനക്കവരെയെല്ലാം കാണുകയും ചെയ്യാം. അതിനുള്ള പ്രത്യേകാനുഗ്രഹം ഞാനിപ്പോൾ നിനക്കു നല്കുന്നു. ധൈര്യമായി പൊയ്ക്കൊള്ളൂ. ഉള്ളിൽ കയറിക്കഴിയുമ്പോൾ അവിടത്തെ കന്യകമാർക്കെല്ലാം നിന്നെ കാണാൻ സാധിക്കും. തിരികെ പോരുമ്പോഴും ഇങ്ങനെ തന്നെ സംഭവിക്കും.

> ദമയന്തി പറഞ്ഞു: രാജാവേ എങ്ങനെയായാലും എനിക്കങ്ങയെ കാണാൻ കഴിഞ്ഞല്ലോ. അതു ദേവകൾ എനിക്കു മുൻകൂർ നല്കിയ അനുഗ്രഹമാണ്. ഞാൻ അങ്ങയെ മാത്രമേ വരിക്കൂ. ഞാൻ അങ്ങേക്കുള്ളവളാണ്. അങ്ങ് എനിക്കും. എന്നെ മറ്റാരും സ്വന്തമാക്കാൻ ഞാൻ ഒരിക്കലും സമ്മതിക്കില്ല. അങ്ങെന്നെ തള്ളിക്കളഞ്ഞാൽ എനിക്കു പിന്നെ വിഷമോ തീയോ വെള്ളമോ കയറോ മാത്രമേ ആശ്രയമായിട്ടുണ്ടാകൂ.

പിന്നെയൊന്നും മറുത്തു പറയാതെ നളൻ നേരേ വിദർഭ രാജധാനിയിലേക്കു പോയി. അവിടെ കൊട്ടാരത്തിൽ കടന്നു നിരവധി കാവൽക്കാർ ആയുധങ്ങളുമേന്തി കാവൽ നില്ക്കുന്ന അന്തഃപുര ഭാഗത്തേക്കു നടന്നു. ആരും തന്നെ കാണുന്നില്ലല്ലോ എന്നോർത്തപ്പോൾ അദ്ദേഹത്തിനു വളരെ കൗതുകം തോന്നി. നേരേ അന്തഃപുരത്തിലേക്കു കടന്നുകഴിഞ്ഞപ്പോൾ അവിടെയെല്ലാം സുന്ദരിമാരായ തോഴിമാരുടെ നീണ്ടനിര! നളനെ കണ്ട് അവർ ലജ്ജാവനമ്രമുഖികളായി ഒതുങ്ങി നിന്നു. 'ഏതോ ദേവകുമാരനാണെന്നു തോന്നുന്നല്ലോ' എന്ന് അവർ തമ്മിൽ പറഞ്ഞു. അല്ലെങ്കിൽ, യക്ഷനോ ഗന്ധർവനോ ആണെന്നും വരാം. പുരുഷസൗന്ദര്യത്തിന്റെ നിറകുടമായ നളനെ അവർ കണ്ണിമയ്ക്കാതെ നോക്കിനിന്നു. ആരും ഒരക്ഷരം മിണ്ടിയില്ല. മിണ്ടാൻ വയ്യാത്തവിധം അവർ വിവിധ വികാരതരളരായി കൊത്തിവച്ച പാവകൾ പോലെ നിലയായി.

അപ്പുറത്തെത്തിയപ്പോൾ അതാ ഭൂമിയിലേക്കു താണുവന്ന നക്ഷത്രമോ എന്നുതോന്നുംപോലെ ദമയന്തി! മുത്തുമാലയിലെ സ്വർണപ്പതക്കം പോലെ അവൾ തേജസ്സുപൊഴിക്കുന്നു, നളൻ അത്ഭുതവിവശനായിപ്പോയി. എന്തൊരു സൗന്ദര്യം! എന്തൊരഴക്! ഇതു മനുഷ്യകന്യകയോ അതോ ദേവകന്യകയോ? ഇവളെ ദേവന്മാർക്കു വിട്ടു കൊടുക്കുന്നതെങ്ങനെ? ഇവളെക്കൂടാതെ ഇനിയുള്ള ജീവിതം എങ്ങനെ ജീവിക്കും? ദേവന്മാരോടെന്തു പറയും? ദേവന്മാരുടെ സന്ദേശം എങ്ങനെ ഇവളെ അറിയിക്കും? നളൻ വല്ലാതെ സംഭ്രമചിത്തനായി.

നളനെ കണ്ട ദമയന്തിയും വല്ലാതെ വിവശയായി. തന്റെ അന്തഃപുരത്തിൽ അനുവാദമില്ലാതെ കടന്നുവന്ന ഈ സുന്ദരനാര്? ദേവനോ മനുഷ്യനോ അതല്ല, താൻ കേട്ടു കേട്ടു മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്ന നളൻ



പിന്നെ ദമയന്തി ഒട്ടും സംശയിച്ചില്ല. തന്റെ കൈയിലിരുന്ന വാടാമലർമാല നളന്റെ കഴുത്തിൽ അർപ്പിച്ചു. എല്ലാവരും ഭേഷ്, ഭേഷ് എന്നഭിനന്ദിച്ചു. ദേവകൾ പുഷ്പവർഷം ചെയ്തു. ശംഖുകൾ മുഴങ്ങി. ഭേരീനാദങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു.

തന്നെയോ? ഛേ, അതിനു സാധ്യതയില്ല. അദ്ദേഹം ഇവിടെ എങ്ങനെ വരാനാണ്? എന്തായാലും ചോദിക്കുകതന്നെ. ദമയന്തി നിശ്ചയിച്ചു.

തന്നെ നോക്കി പുഞ്ചിരി തൂകി നില്ക്കുന്ന നളനെ നോക്കി ദമയന്തിയും പുഞ്ചിരി പൊഴിച്ചു. രണ്ടു ചന്ദ്രബിംബങ്ങൾ ഒരുമിച്ചു നിലാവു തൂകുംപോലെ.

അങ്ങാരാണ്? ദമയന്തി സ്വരം താഴ്ത്തി വിനയപൂർവം ചോദിച്ചു.

ക്ഷമിക്കണം ദമയന്തീ, ഞാൻ നളനാണ്. ഒരു രാജാവിന്റെ ഭാവഗൗരവം വീണ്ടെടുത്തു സംയമചിത്തനായി നളൻ സ്വയം പരിചയപ്പെടുത്തി.

നളൻ, നളൻ! ഹായ് അവൾ ഓടിയെത്തി നളനെ ആശ്ലേഷിച്ചു. സ്ഥലകാലങ്ങളും ആതിഥ്യമര്യാദകളുമൊന്നും ദമയന്തിക്ക് ഓർമ വന്നതേയില്ല. എത്രകാലമായി താൻ കേട്ടു കേട്ടു പോരുന്നു. എത്രകാലമായി ഒന്നു കാണാൻ കൊതിക്കുന്നു. ഇതു ദേവകൾ തന്ന ദിവ്യാനുഗ്രഹം. തന്റെ മുജ്ജന്മ പുണ്യങ്ങളുടെ പൂർണ ഫലം. അവൾ സ്വയം മറന്നുപോയി.

നളനും ദമയന്തിയുടെ അപ്രതീക്ഷിതാശ്ലേഷത്തിൽ വികാരതരളനായി. നാളേറെയായി വർത്തകരും ബ്രാഹ്മണരും ചൊല്ലികേട്ട ദേവസുന്ദരി. പറഞ്ഞുകേട്ടതിനെക്കാൾ എത്രയോ കൂടുതൽ സുന്ദരിയാണ്. നളനും ദമയന്തിയെ കൈമെയ് മറന്ന് ആശ്ലേഷിച്ചുപോയി.

നിമിഷങ്ങൾ, നിമിഷങ്ങൾ മാത്രം. രണ്ടുപേരും തങ്ങളുടെ അവിവേകമോർത്തു സ്വയം ലജ്ജിച്ചു. സ്വയം ശാസിച്ചു. എന്താണിത്? ഇത്രയ്ക്കു നിയന്ത്രണമില്ലാതായിപ്പോയല്ലൊ. പരസ്പരം കരവലയത്തിൽ നിന്നു മോചിതരായ അവർ സന്ദർഭത്തിന്റെ ഗൗരവം ഉൾക്കൊണ്ടു. പിന്നെ ദമയന്തി പറഞ്ഞു:

മഹാരാജാവേ, എനിക്കു സന്തോഷമായി, എന്റെ ജന്മം ധന്യമായി. അങ്ങയെപ്പറ്റി കേട്ടു കേട്ടു ഞാൻ അങ്ങിൽ അനുരാഗബദ്ധയായി പോയിരുന്നു. ഇനിയും അധികം കാത്തിരിക്കാൻ വയ്യ. അങ്ങെന്നെ സ്വീകരിച്ചാലും.

ഇല്ല, ദമയന്തീ, നളൻ തടഞ്ഞു പറഞ്ഞു: ഞാൻ നിന്റെ സ്വയംവരത്തിൽ പങ്കെടുക്കാനെത്തിയതാണ്. പക്ഷേ, അതിനു ഞാൻ ഇങ്ങോട്ടല്ലല്ലോ വരേണ്ടത്. ഇവിടെ എനിക്കൊരു ദൗത്യം നിർവഹിക്കാനുണ്ട്. ഞാൻ ദേവന്മാരുടെ ദൂതനായി വന്നതാണ്. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഇവർ നാലുപേരും ഈ രാജ്യത്തെത്തിയിട്ടുണ്ട്. അവർ നിന്നെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു വന്നിരിക്കുകയാണ്. നീ അവരിലൊരാളെ സ്വയംവരം ചെയ്യണം. നളൻ തന്റെ ആഗമനോദ്ദേശ്യം വിശദീകരിച്ചു.

അതു കേട്ടിട്ടു ദമയന്തി ഞെട്ടിയില്ല. എന്നല്ല ഒരു ഭാവഭേദവും ഉണ്ടായില്ലെന്നു തന്നെ പറയാം. അവൾക്കതൊരു തമാശയായേ തോന്നിയുള്ളു. ദേവകൾ മനുഷ്യസ്ത്രീയെ വിവാഹം ചെയ്യാനെത്തുകയോ? താൻ നിരന്തരം ഭക്തിയോടെ ഉപാസിക്കുന്ന ദേവന്മാർ. നളനെ തനിക്കു ഭർത്താവായി കിട്ടാൻ അനുഗ്രഹം തരണേ എന്നല്ലേ താൻ അവരോടു നിത്യവും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്? ഒരു ഭക്തയുടെ പ്രാർത്ഥനകൾക്കു ചെവികൊടുക്കാതിരിക്കാൻ അവർക്കെങ്ങനെ കഴിയും?

> *ഭീമസേനൻ പറഞ്ഞു:*
>
> രാജ്യമേവ പരം ധർമം
> ക്ഷത്രിയസ്യ വിദുർബുധാ:
> സക്ഷാത്രധർമവിദ് രാജാ
> മാധർമ്യാന്നിനശ: പഥ:
>
> (ക്ഷത്രിയന്റെ മഹാധർമം രാജ്യമാണെന്നു വിജ്ഞന്മാർ പറയുന്നു. ക്ഷത്രിയ ധർമജ്ഞാനിയായ അങ്ങു ധർമമാർഗത്തിൽ നിന്നു വ്യതിചലിക്കരുത്.)

ദമയന്തി പറഞ്ഞു: രാജാവേ എങ്ങനെയായാലും എനിക്കങ്ങയെ കാണാൻ കഴിഞ്ഞല്ലൊ. അതു ദേവകൾ എനിക്കു മുൻകൂർ നല്കിയ അനുഗ്രഹമാണ്. ഞാൻ അങ്ങയെ മാത്രമേ വരിക്കൂ. ഞാൻ അങ്ങേക്കുള്ളവളാണ്. അങ്ങ് എനിക്കും. എന്നെ മറ്റാരും സ്വന്തമാക്കാൻ ഞാൻ ഒരിക്കലും സമ്മതിക്കില്ല. അങ്ങെന്നെ തള്ളിക്കളഞ്ഞാൽ എനിക്കു പിന്നെ വിഷമോ തീയോ വെള്ളമോ കയറോ മാത്രമേ ആശ്രയമായിട്ടുണ്ടാകൂ.

ദമയന്തിയുടെ വാക്കുകൾ കേട്ടു നളന്റെ അകം നിറഞ്ഞു. അദ്ദേഹം അവളുടെ പ്രണയ ലോലമായ സമർപ്പണ സന്നദ്ധത കണ്ടു രോമാഞ്ച വിവശനായി. എങ്കിലും അതൊന്നും പുറമെ പ്രകടിപ്പിക്കാതെ ഗൗരവപൂർവം ഇങ്ങനെ അവളെ നിരുത്സാഹപ്പെടുത്തി:

എന്താണിതു ദമയന്തി? ദേവകളുടെ വാക്കു ധിക്കരിക്കുകയോ? അവരുടെ ആഗ്രഹം തള്ളിക്കളയുകയോ? അവർ കോപിക്കില്ലേ? ശിക്ഷിക്കില്ലേ? പിന്നെന്താകും നമ്മൾ മനുഷ്യരുടെ ഗതി? ദേവലോകാധിപനായ ഇന്ദ്രൻ. ലോകമാകെ ആഹാരമാക്കാൻ ശക്തിയുള്ള അഗ്നി. പേരുകേൾക്കുമ്പോഴേ ജീവജാലങ്ങളാകെ പേടിച്ചുവിറയ്ക്കുന്ന യമൻ. സമുദ്രാധിപനായ വരുണൻ. ഇവരിലൊരാളെ നീ ഭർത്താവായി സ്വീകരിക്കണം.

ഇതു കേട്ടപ്പോൾ ദമയന്തിക്കു കണ്ണുകൾ നിറഞ്ഞു. തൊണ്ടയിടറി. കൈകൂപ്പിക്കൊണ്ടവൾ പറഞ്ഞു: രാജാവേ, എല്ലാ ദേവന്മാരെയും നമസ്കരിച്ചുകൊണ്ടു ഞാൻ അങ്ങയെത്തന്നെ ഭർത്താവായി വരിക്കും, സത്യം.

ദമയന്തിയുടെ സംശയരഹിതമായ വാക്കുകൾ നളനെ ആശങ്കാകുലനാക്കി. അദ്ദേഹം പറഞ്ഞു: ദമയന്തീ, ഞാൻ മറ്റുള്ളവരുടെ കാര്യത്തിനു വേണ്ടിവന്നിട്ടു സ്വന്തം കാര്യം നേടിപ്പോകുന്നതു ഭംഗിയാവില്ല. അതു സ്വാർത്ഥതയാണ്. ദേവകോപമായിരിക്കും ഫലം. അതുകൊണ്ട് അവരിലൊരാളെ വരിച്ചു നിന്നെയും എന്നെയും നീ ആപത്തിൽ നിന്നു രക്ഷിക്കണം.

എങ്കിൽ അങ്ങൊരു കാര്യം ചെയ്യൂ. ദമയന്തി ഒരുപായം കണ്ടെത്തി. ദേവന്മാരും അങ്ങും സ്വയംവരസദസ്സിൽ ഒരുമിച്ചു വന്നിരിക്കുക. അവരുടെ മുമ്പിൽ വച്ചു ഞാൻ അങ്ങയെ മാലയിട്ടു വരിച്ചുകൊള്ളാം. അപ്പോൾ അവർക്കു കോപമുണ്ടാകില്ല. എനിക്കും അങ്ങേക്കും ദോഷമുണ്ടാവുകയുമില്ല.

ശരി, അങ്ങനെ പറയാം കുമാരീ, നളൻ സമ്മതിച്ചു. പിന്നെ, അദ്ദേഹം യാത്ര പറഞ്ഞ് അന്തഃപുരത്തിൽ നിന്നു പുറത്തേക്കു പോന്നു. നളൻ വരുന്നതു കണ്ടു ദേവന്മാർ ജിജ്ഞാസുക്കളായി. എന്തു പറഞ്ഞു, എന്തു പറഞ്ഞു എന്നവർ മാറി മാറി ചോദിച്ചു.

നളൻ ഉണ്ടായതൊക്കെ അങ്ങനെ തന്നെ വിശദീകരിച്ചു പറഞ്ഞു. ദേവന്മാർക്കു കോപമോ ദേഷ്യമോ ഉണ്ടായില്ല. അവരും സമ്മതിച്ചു. അഞ്ചുപേർക്കും കൂടി ഒരുമിച്ചു സ്വയംവരത്തിനു പോകാമെന്നു തീരുമാനിച്ചു.

സ്വയംവരത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. അയൽ രാജ്യങ്ങളിൽ നിന്നെത്തിയിരുന്ന രാജാക്കന്മാരെല്ലാം അവരവർക്കായി നിശ്ചയിച്ചിരുന്ന മാളികകളിൽ താമസിക്കുകയായിരുന്നു. സ്വയംവര ദിനത്തിൽ വീണ്ടും അറിയിപ്പുണ്ടായി, ശംഖുവിളികളും മംഗളവാദ്യങ്ങളുമുണ്ടായി. രാജാക്കന്മാരെയെല്ലാം ദൂതന്മാർ എത്തി സ്വയംവര സദസ്സിലേക്ക് ആനയിച്ചു.

>>44




# അതിമോഹം ആപത്ത്

ഒരിടത്തു ഹരിദത്തൻ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ തൊഴിൽ കൃഷിയായിരുന്നു. ഹരിദത്തൻ തന്റെ വയലിൽ കൃഷിയിറക്കും. പക്ഷേ, എന്തുകൊണ്ടോ വിളകിട്ടാറില്ല. ഒന്നുകിൽ ചൂടിൽ വരണ്ടുണങ്ങിപ്പോകും, അല്ലെങ്കിൽ വെള്ളം കയറി ചീഞ്ഞുപോകും. എങ്കിലും പ്രതീക്ഷയോടെ അദ്ദേഹം കൃഷിയിറക്കിക്കൊണ്ടിരുന്നു.



ഒരു ദിവസം ഹരിദത്തൻ അല്പം വിശ്രമിക്കുന്നതിനായി വയൽ വരമ്പിലെ വൃക്ഷത്തണലിൽ ഇരുന്നു. ക്ഷീണം കാരണം അയാൾ ഉറങ്ങിപ്പോയി. ഉറക്കമുണർന്നപ്പോൾ കണ്ട കാഴ്ച ഹരിദത്തനെ അത്ഭുതപ്പെടുത്തി.

വയലിന്റെ അങ്ങേ അറ്റത്ത് ഒരു സർപ്പം പത്തിവിടർത്തി നില്ക്കുന്നു! ഇക്കാലമത്രയും താൻ ഈ പാടത്തു പണിയെടുത്തിട്ടും ഇങ്ങനെയൊരു കാഴ്ച ഇതിനു മുമ്പുണ്ടായിട്ടില്ല! ഏതായാലും ഹരിദത്തൻ ആ സർപ്പത്തിനെ കൈകൾ കൂപ്പി തൊഴുതു. അപ്പോൾ ഹരിദത്തന്റെ മനസ്സിലൂടൊരു ചിന്ത കടന്നുപോയി.

"ഈ വയലിന്റെ ദേവതയായിരിക്കും ഈ സർപ്പം. ഇതുവരെ ഈ സർപ്പദേവിയെ കാണാനോ വേണ്ടവിധം പൂജിക്കാനോ എനിക്കു സാധിച്ചിട്ടില്ല. എന്റെ കൃഷിയൊക്കെ ഉണങ്ങിയും വെള്ളം കയറിയും നശിക്കുന്നതിനു കാരണം സർപ്പകോപം ആയിരിക്കും. ഇന്നുമുതൽ ഞാൻ ഈ സർപ്പത്തെ വേണ്ടപോലെ സത്ക്കരിച്ചു പൂജിക്കും."

ഉടനെതന്നെ ഹരിദത്തൻ കുറച്ചു പാൽകൊണ്ടുവന്നു. ഒരു പരന്ന പാത്രത്തിൽ അതു സർപ്പത്തിന്റെ പുറ്റിനടുത്തു വച്ചു. എന്നിട്ടു പ്രാർത്ഥിച്ചു. "ക്ഷേത്രപാലകാ! അങ്ങ് ഇവിടെ വസിക്കുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ക്ഷമിക്കണം. ഇന്നു മുതൽ മുടങ്ങാതെ വേണ്ട പൂജകൾ ചെയ്യുന്നുണ്ട്."പാൽ നിവേദിച്ചിട്ടു ഹരിദത്തൻ വീട്ടിലേക്കു തിരിച്ചുപോയി. പിറ്റേന്നു രാവിലെ അയാൾ കൃഷിപ്പണിക്കായി വയലിൽ എത്തി. അപ്പോഴതാ പാൽവച്ചിരുന്ന പാത്രത്തിൽ ഒരു സ്വർണനാണയം! എന്നും ഹരിദത്തൻ സർപ്പത്തിനു പാലുകൊടുക്കും; പിറ്റേന്നു പാത്രത്തിൽ ഒരു സ്വർണ്ണനാണയം ലഭിക്കും. ഇതൊരു പതിവായി. അങ്ങനെയിരിക്കെ ഹരിദത്തനു കുറച്ചു ദിവസം അടുത്ത ഗ്രാമത്തിലേക്കു പോകേണ്ടതായി വന്നു. മുടങ്ങാതെ സർപ്പ പുറ്റിൽ പാൽ നിവേദിക്കുന്നതിനു മകനെ ചട്ടം കെട്ടിയിട്ടാണു പോയത്.

മകൻ പാൽ നിവേദിച്ചു. പിറ്റേന്നു രാവിലെ വയലിൽ എത്തിയപ്പോൾ അതാ പാത്രത്തിൽ ഒരു സ്വർണനാണയം. പിറ്റേന്നു രാവിലെയും കിട്ടി ഒരു സ്വർണനാണയം. ഇങ്ങനെ രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ അവനു തോന്നി. "ഈ പുറ്റിനകത്തു നിറയെ സ്വർണ്ണനാണയങ്ങൾ ഉണ്ടാകും. ഈ പാമ്പിനെ വകവരുത്തണം. എന്നിട്ടു സ്വർണ്ണനാണയങ്ങൾ മുഴുവനും കൈക്കലാക്കണം."

പിറ്റേന്ന് അവൻ പുറ്റിൽ പാലുവെച്ചിട്ട് അല്പം മാറിനിന്നു. പാമ്പു പാത്രത്തിലെ പാൽ കുടിക്കാൻ തുടങ്ങിയതും, പാമ്പിന്റെ പത്തിനോക്കി ഒറ്റയടി. പക്ഷേ, പാമ്പിന് അടിയേറ്റില്ല. അതു മാറിക്കളഞ്ഞു. പാമ്പു കോപത്തോടെ അയാളുടെ നേരെ ചീറിയടുത്തു; അത് അവനെ ആഞ്ഞാഞ്ഞു കൊത്തി.

ഉഗ്രവിഷമല്ലേ ശരീരത്തിൽ കടന്നത്. അവൻ ആ വയലിൽ തന്നെ കിടന്നു മരിച്ചു. കുറച്ചുദിവസം കഴിഞ്ഞു ഹരിദത്തൻ തിരിച്ചു വന്നപ്പോൾ മകന്റെ മരണവാർത്തയറിഞ്ഞു സങ്കടപ്പെട്ടു. എങ്കിലും ഹരിദത്തൻ ചിന്തിച്ചു.

"അത്യാഗ്രഹമാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം. അഭയം പ്രാപിച്ചവനോട് ഒരിക്കലും അനിഷ്ടം കാണിക്കരുത്." എങ്കിലും പിറ്റേന്നു രാവിലെ ഹരിദത്തൻ പാലുമായി പാമ്പിൻ പുറ്റിനു സമീപമെത്തി. പാലു വച്ചു കാത്തിരുന്നിട്ടും സർപ്പം പുറത്തേക്കുവന്നില്ല. ഹരിദത്തൻ സർപ്പത്തിനെ ഉറക്കെ വിളിച്ചു. വിളികേട്ടു പുറ്റിനകത്തിരുന്നുകൊണ്ടു തന്നെ സർപ്പം പറഞ്ഞു.

"എന്റെ കടിയേറ്റു താങ്കളുടെ പുത്രൻ മരിച്ചു. എന്നിട്ടും ഇപ്പോൾ പാലുമായി വന്നിരിക്കുന്നതു പണം മോഹിച്ചാണ്. ധനത്തിനുവേണ്ടി പുത്രദുഃഖം മറക്കാം. പക്ഷേ, എന്റെ തലയ്ക്കേറ്റ അടിയുടെ വേദന എനിക്കു മറക്കാനാവില്ല. ഞാൻ ഇതാ ഒരു രത്നം പുറത്തേക്കിടുന്നു. അതുമെടുത്തു സ്ഥലം വിട്ടുകൊള്ളണം. മേലിൽ ഇങ്ങോട്ടു വരേണ്ടതില്ല."പെട്ടെന്ന് ഒരു രത്നം പുറ്റിൽ നിന്നും പുറത്തേക്കു തെറിച്ചുവീണു. ഹരിദത്തൻ ഉടനെ രത്നമെടുത്തു നടന്നു പോയി. അയാൾ മനസ്സിൽ ഉറപ്പിച്ചു. "തകർന്ന കൂട്ടുകെട്ടു പിന്നീടൊരിക്കലും ശരിയാവില്ല.

* * *

# ഏറ്റവും മഹത്തായ സമ്പാദ്യം

*പ്രിയ കൂട്ടുകാരേ,*

ഒരു മനുഷ്യന്റെ ജീവിതസമ്പാദ്യം എന്നു പറയുന്നത് എന്തിനെയാണ്? ഈ ഭൂമിയിൽ നാം ജീവിച്ചിരിക്കുമ്പോൾ ചെയ്തുകൂട്ടുന്ന സത്പ്രവൃത്തികളുടെ എണ്ണമാണ് ഒരാളെ സമ്പന്നനാക്കുന്നത്.

നാം സമ്പാദിക്കുന്ന ഭൂമിയും, ധനവും, മക്കളും, പാണ്ഡിത്യവുമൊക്കെ നമ്മുടെ മരണത്തോടെ കൈവിട്ടുപോകുന്നു.

*"ചത്തുപോം നേരം വസ്ത്രമതുപോലും*
*എത്തിടാ കൊണ്ടുപോകാനൊരുത്തർക്കും"*

എന്നാണു മഹാകവി പൂന്താനം ചൂണ്ടിക്കാട്ടുന്നത്. ജീവിതകാലത്തു നാം നേടുന്ന അത്തരം സമ്പാദ്യങ്ങൾ നിലനില്ക്കുന്നവയല്ല. എന്നാൽ, നമ്മുടെ സത്പ്രവൃത്തികൾ എത്രകാലം കഴിഞ്ഞാലും ഓരോ തലമുറയും ഓർമിക്കും.

സയാമിൽ വർഷങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന മുടന്തനായ ചിയാങ്ങിനെ ഇപ്പോഴും നാം ഓർമിക്കുന്നു. എന്തുകൊണ്ടാണത്? നീന്തിയും നിരങ്ങിയും നടന്ന് അവൻ അവിടത്തെ പാതയോരത്തു തണൽ മരങ്ങൾ നട്ടുപിടിപ്പിച്ചു. അനേകായിരങ്ങൾക്കു തണലും കുളിരും സാന്ത്വനവുമായി ആ തണൽ മരങ്ങൾ ഉപകരിച്ചു. അവരെല്ലാം നല്ലവനായ ചിയാങ്ങിനെ എക്കാലവും ഓർമിച്ചു. അതുപോലെ നാം ചെയ്യുന്ന കൊച്ചുകൊച്ചു നന്മകളെയാണു നാം സത്പ്രവൃത്തികൾ എന്നു പറയുന്നത്.

പണ്ടുപണ്ടു ദൈവം ഗോളാകൃതിയിൽ ഭൂമിയെ സൃഷ്ടിച്ചു. ഗോളാകൃതി ആയതുകൊണ്ടു ഭൂമി മണ്ണിലുറച്ചു നിന്നില്ല. ഭൂമിയുടെ ഇളക്കം മാറ്റാൻ ദൈവം അവിടവിടെയായി കുറെ പർവതങ്ങൾ സൃഷ്ടിച്ചു. പിന്നെ ഭൂമിക്ക് ഒട്ടും ഇളക്കമുണ്ടായില്ല.

ദൈവത്തിന്റെ അപാരമായ ഈ കഴിവു കണ്ടു ദൈവദൂതന്മാർ അത്ഭുതപ്പെട്ടു. അവർ ചോദിച്ചു: "പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവമേ, ഭൂമിയുടെ ഇളക്കം മാറ്റാൻ അങ്ങു പർവതങ്ങൾ സൃഷ്ടിച്ചല്ലൊ. ഈ പർവതങ്ങളേക്കാൾ കനപ്പെട്ട എന്തെങ്കിലും അങ്ങയുടെ സൃഷ്ടിയിലുണ്ടോ?" തീർച്ചയായും ഉണ്ട്. ഇരുമ്പിനു പർവതങ്ങളെക്കാൾ ശക്തിയുണ്ട്. ദൈവം അറിയിച്ചു.

ഇരുമ്പിനെക്കാൾ ശക്തിയുള്ള മറ്റെന്തെങ്കിലുമുണ്ടോ? ദൂതന്മാർക്കു സംശയമായി. ഇരുമ്പിനെക്കാൾ ശക്തിയുള്ളതാണ് അഗ്നി. അഗ്നി വിചാരിച്ചാൽ ഇരുമ്പിനെ ഉരുക്കി



ദ്രാവകമാക്കി മാറ്റാൻ കഴിയും.

ഹൊ! അങ്ങനെയോ? എങ്കിൽ അഗ്നിയെക്കാൾ ശക്തിയുള്ള എന്തെങ്കിലും കാണുമല്ലൊ-ദൂതന്മാർക്ക് അമ്പരപ്പായി.

നിങ്ങൾ പേടിക്കാതെ ചോദിച്ചോളൂ, സംശയങ്ങൾ ഒട്ടും ബാക്കി വയ്ക്കരുത്. അഗ്നിയെക്കാൾ ശക്തി വെള്ളത്തിനുണ്ട്. വെള്ളമൊഴിച്ചാൽ ആ നിമിഷം അഗ്നി അണഞ്ഞുപോകും. ദൈവം ഓർമപ്പെടുത്തി.

വെള്ളത്തെ തോല്പിക്കുന്ന ശക്തി ഏതാണ്? വെള്ളത്തെ തോല്പിക്കാൻ വായുവിനു കഴിയും. വായു അതിശക്തനാണ്! നിമിഷങ്ങൾകൊണ്ടു ഭൂമിയിലെ സകല ശക്തികളെയും പറപ്പിച്ചു കളയാനുള്ള കരുത്തു വായുവിനുണ്ട്. ദൈവം വിശദമാക്കി.

ഇനി ഒന്നുകൂടി ചോദിക്കട്ടെ. മഹാശക്തനായ വായുവിനെക്കാൾ ശക്തിയുള്ള മറ്റെന്തെങ്കിലുമുണ്ടോ? -ദൈവദൂതന്മാർ കൂപ്പുകൈയോടെ ആരാഞ്ഞു. ഉണ്ട്. എല്ലാ ശക്തികൾക്കും അപ്പുറമുള്ള മറ്റൊരു മഹാശക്തിയുണ്ട്. അതിന്റെ പേരാണു സത്കർമം!- ദൈവത്തിന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.

അതെന്താണെന്നു ഞങ്ങൾക്കു മനസ്സിലായില്ല-ദൂതന്മാർ ഒന്നു പരുങ്ങി.

മനസ്സിലാക്കിത്തരാം. സകല ജീവജാലങ്ങൾക്കും നന്മ വരുത്തുന്ന നല്ല പ്രവൃത്തികളെയാണു സത്കർമങ്ങൾ എന്നു പറയുന്നത്. വിശന്നു വലയുന്ന ഒരാൾക്ക് ആഹാരം കൊടുക്കുന്നതും, ഉടുക്കാനില്ലാത്ത ഒരാൾക്കു വസ്ത്രം കൊടുക്കുന്നതും, കിടക്കാനിടമില്ലാത്ത ഒരാൾക്കു കിടപ്പാടമുണ്ടാക്കിക്കൊടുക്കുന്നതുമെല്ലാം സത്കർമങ്ങളാണ്.

ഓഹോ; അതൊക്കെ സത്കർമങ്ങളാണല്ലേ?

അതേ-കണ്ണുകാണാത്ത ഒരുവനു നേർവഴി കാട്ടികൊടുക്കുന്നതും, വഴിവക്കിൽ അവശനായി കിടക്കുന്ന ഒരാളെ ആശുപത്രിയിലെത്തിക്കുന്നതും രക്തംദാനം ചെയ്യുന്നതും നേത്രദാനം ചെയ്യുന്നതുമെല്ലാം വളരെ ശക്തിയുള്ള സത്കർമങ്ങളാണ്. ഒരാൾ മരിച്ചു മണ്ണടിഞ്ഞാലും ഇത്തരം സത്കർമങ്ങളുടെ ശക്തി അയാളുടെ ജീവിതസമ്പത്തായി ഇവിടെ നിലനില്ക്കും- പിന്നെ ദൈവദൂതന്മാർക്ക് ഒന്നും ചോദിക്കാനുണ്ടായിരുന്നില്ല. സത്കർമങ്ങളാണ് ഈ ജീവിതത്തിൽ നമുക്കു നേടിയെടുക്കാവുന്ന മഹാധനം.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

## അക്ഷരഗാനം

### ഐ

**ഐ**ശ്വര്യത്തിൻ നിറവിലിതാ

**ഐ**ലാശ്ശേരിത്തിറയാട്ടം!

**ഐ**ലാശ്ശേരിക്കാവിലിറങ്ങി

**ഐ**സ്ക്രീം വാങ്ങിത്തിന്നീടാം!

**മാത്യു കാരാംവേലി**



# ചോസർ കഥകളുടെ

ചോസർകഥകൾ വായിച്ചിട്ടില്ലാത്തവരും കേട്ടിട്ടില്ലാത്തവരും കുറയും. അത്രയ്ക്കു ലോകപ്രസിദ്ധമാണ് രസകരമായ ആ കഥകൾ. വായിച്ചാലും വായിച്ചാലും മതിവരില്ല. ഇതിനു കാന്റർബറി കഥകൾ എന്നുകൂടി പേരുണ്ട്. ഈ കഥകളുടെ ഇതിഹാസകാരനാണ് ജഫ്രി ചോസർ.

1340 ലാണു ചോസറുടെ ജനനമെന്നു കരുതുന്നു. ലണ്ടനിലെ ഒരു വീഞ്ഞു വില്പനക്കാരന്റെ മകനായാണു ജനനം. ലണ്ടനിലെ പ്രസിദ്ധമായ ഇന്നർ ടെമ്പിളിൽ നിന്നും മികവുറ്റ വിദ്യാഭ്യാസം നേടിയ ചോസർ പതിനേഴാം വയസിൽ രാജസേവകനായി നിയോഗിക്കപ്പെട്ടു. രാജാവിന്റെ വിശ്വസ്തനെന്ന നിലയിൽ മറ്റു രാജ്യങ്ങളിലേക്കുള്ള ബ്രിട്ടന്റെ നയതന്ത്ര സംഘങ്ങളിൽ നിരവധി തവണ അംഗമാകാൻ അദ്ദേഹത്തിനു സാധിച്ചു. ഇത്തരത്തിൽ ഇറ്റലിയിലേക്കു നടത്തിയ യാത്രയിലാണു ചോസർ പെട്രാർക്ക്, ബൊക്കാച്ചിയോ എന്നീ മഹാരഥന്മാരെ സന്ദർശിച്ചത്.




ഫ്രാൻസിലേക്കുള്ള സഞ്ചാരങ്ങൾ ഫ്രഞ്ചു സാഹിത്യവുമായി പരിചയപ്പെടാൻ സഹായിച്ചു.

സാർവലൗകികമായ ഒരു വീക്ഷണത്തിനുടമയായിരുന്നു ചോസർ. രാജ്യാന്തര സഞ്ചാരത്തിലൂടെ വളർത്തിയെടുത്ത ലോകപരിചയമായിരുന്നു അദ്ദേഹത്തിന്റെ വിലപ്പെട്ട സമ്പാദ്യം. ധന്യമായ ജീവിതാനുഭവങ്ങളും ഗ്രന്ഥവിജ്ഞാനവും ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ കൂടുതൽ വികസ്വരമാക്കി.

ചോസറുടെ സാഹിത്യജീവിതത്തിനു ഫ്രഞ്ച്, ഇറ്റാലിയൻ, ഇംഗ്ലീഷ് എന്നീ മൂന്നു ഘട്ടങ്ങളുണ്ട്. രചനയുടെ ആദ്യഘട്ടത്തിൽ ഫ്രഞ്ച് റൊമാൻസുകളാണു കവിയെ സ്വാധീനിച്ചത്. റോമൻ ദെ ലാ റോസ് എന്ന ഫ്രഞ്ചു കൃതി വിവർത്തനം ചെയ്തുകൊണ്ടാണു തുടക്കം. പിന്നീട് ദ ബുക്ക് ഓഫ് ഡച്ചസ് എന്ന സ്വതന്ത്ര കൃതി രചിച്ചു. പിന്നാലെ കംപ്ലെയിന്റ് അൺ റ്റു പിറ്റി, ദ കംപ്ലയിന്റ് ഓഫ് മാർസ്, ക്വീൻ അനലിഡ, ദി എബിസി തുടങ്ങിയ ലഘുകാവ്യങ്ങൾ ചമച്ചു. രൂപപരമായ പരീക്ഷണങ്ങളായിരുന്നു ഇവ ഓരോന്നും. ഈ ഘട്ടത്തിന്റെ അന്ത്യം കുറിക്കുന്ന കൃതിയാണു ദ് പാർലമെണ്ട് ഓഫ് ഫൗൾസ്.

ഇറ്റാലിയൻ സാഹിത്യകാരന്മാരുടെ സ്വാധീനം പ്രകടമാക്കുന്ന രണ്ടാം ഘട്ടംകുറെക്കൂടി പുഷ്ക്കലമാണ്. ഇറ്റാലിയൻ സാഹിത്യകാരന്മാരുടെ സ്വാധീനം പ്രകടമായ ഈ കാലഘട്ടത്തിലെ രചനകളാണു ട്രോയ്‌ലസ് ആൻഡ് ക്രെസിഡ, പാലമൺ ആൻഡ് ആർസൈറ്റ്, ദ് ഹൗസ് ഓഫ് ഫെയിം, ദ് പ്രൊലോഗ് റ്റു ദ് ലെഗൻസ് ഓഫ് ഗുഡ് വിമൻ എന്നിവ.

മൂന്നാം ഘട്ടത്തിലാണു ചോസ



റിൽ നിന്നും സ്വതന്ത്ര്യവും സർഗാത്മകവും ശുദ്ധവുമായ ഇംഗ്ലീഷ് രചനകൾ ഉടലെടുക്കുന്നത്. ഇക്കാലയളവിലും ഫ്രഞ്ച് ഇറ്റാലിയൻ ആശയങ്ങൾ കടമെടുത്തിരുന്നെങ്കിലും അവയെ സ്വന്തം മൂശയിലുരുക്കി വാർക്കാൻ അദ്ദേഹം ശ്രദ്ധവച്ചു.

## കാന്റർബറിക്കഥകൾ

ദ് പ്രലോഗ് റ്റു ദ് കാന്റർബറി ടെയ്ൽസ് ചോസറിന്റെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ്. കാന്റർബറിയിലെ സെന്റ് തോമസ് ബക്കറ്റിന്റെ ശവകുടീരം സന്ദർശിക്കാൻ പുറപ്പെടുന്ന ഒരു സംഘം തീർത്ഥാടകരുടെ യാത്രാനുഭവങ്ങളുമായി ബന്ധപ്പെടുത്തി രചിക്കപ്പെട്ട കൃതിയാണിത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ഇരുപത്തിയൊൻപതു തീർത്ഥാടകർ കാന്റർബറിയിലേക്കു പോകാനായി ലണ്ടനിലെ ഒരു സത്രത്തിൽ ഒത്തുചേർന്നു. കാന്റർബറിയിലേക്കു പോകുമ്പോഴും തിരിച്ചുവരു

# ഇതിഹാസകാരൻ– ചോസർ

മ്പോഴും മടുപ്പു തോന്നാതിരിക്കാനായി ഒരോ തീർത്ഥാടകനും രണ്ടു കഥകൾ വീതം പറയണം എന്നൊരു തീരുമാനമെടുക്കുന്നു.

പ്രൊലോഗ് എന്നും ടെയ്ൽസ് എന്നും രണ്ടും ഭാഗമായി കാവ്യം വിഭജിച്ചിരിക്കുന്നു. തീർത്ഥാടകരെ പരിചയപ്പെടുത്തുകയാണു പ്രോലോഗിൽ. തീർത്ഥാടകരുടെ ചിത്രീകരണം അതി മനോഹരമായി നിർവഹിച്ചിരിക്കുന്നു.

വ്യത്യസ്ത തുറകളിൽ നിന്നും തെരഞ്ഞെടുത്ത കഥാപാത്രങ്ങളിലൂടെ കാലഘട്ടത്തിലെ ഇംഗ്ലീഷ് സമൂഹത്തിന്റെ നേർ പ്രതിച്ഛായ വരച്ചിടുകയാണു കവി. പ്രഭുവും സേവകനും സൈനികനും പുരോഹിതനും കന്യസ്ത്രീയും കൃഷിക്കാരനും കുശിനിക്കാരനും മരപ്പണിക്കാരകനും നെയ്ത്തുകാരനുമെല്ലാം ഇതിലെ കഥാപാത്രങ്ങളാണ്.



വെസ്റ്റ് മിനിസ്റ്റർ ആബിയിലെ പോയറ്റ്സ് കോർണർ



ചോസർ ശവകുടീരം

തീർത്ഥാടകർ പറയുന്ന കഥകളാണു ടെയ്ൽസ് എന്ന രണ്ടാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇരുപത്തിനാലു കഥകളാണ് ഇതിലുള്ളത് ഈ കഥകൾക്കു മൗലികത അവകാശപ്പെടാനില്ല. മറ്റു പല ഗ്രന്ഥങ്ങളിൽ നിന്നും കടംകൊണ്ടവയാണിവ.തികഞ്ഞ നർമബോധമുള്ള ഒരാക്ഷേപ ഹാസ്യകാരനെയാണ് ഈ കഥകളിലൂടെ നമുക്കു കാണാൻ കഴിയുക. ഇംഗ്ലീഷ് ജനതയുടെ സഹജമായ വാസനകളും രീതികളും ചോർന്നു റ്റോകാതെ ആവിഷ്കരിക്കാൻ ചോസർക്കു സാധിച്ചിട്ടുണ്ട്.

ഓരോരുത്തരുടെയും തൊഴിലിനും ജീവിതസാഹചര്യങ്ങൾക്കുമനുസൃതമായ കഥകളാണ് അവരെക്കൊണ്ടു പറയിക്കുന്നത്. അവ മറ്റൊരാളിന്റെ വാക്കുകളിൽ ഉചിതമല്ലാതായി ത്തോന്നാം. അസൂയാവഹമായ ആഖ്യാന പാടവമാണ് ഈ കൃതിയെ ശ്രദ്ധേയമാക്കുന്ന പ്രധാന ഘടകം. 17000 വരികളുള്ള പദ്യവും ഗദ്യവും ഇടകലർന്ന ഈ കാവ്യം ലോക ക്ലാസിക്കുകളിൽ ഒന്നാണ്. 1400 ഒക്ടോബർ 25നു ചോസർ അന്തരിച്ചു. വെസ്റ്റ്മിനിസ്റ്റർ ആബിയിലെ പോയറ്റ്സ് കോർണറിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു. ✷

# നഴ്സുമാർക്ക് നീതി ഉറപ്പുവരുത്തണം

**ഭൂ**മിയിലെ ഏറ്റവും മഹത്തായ കർത്തവ്യം രോഗികൾക്കു പരിചരണവും സാന്ത്വനവും നല്കുക എന്നതു തന്നെ. എന്നാൽ, പാവനമായ ആ ദൗത്യത്തിൽ വ്യാപൃതരായിരിക്കുന്ന നഴ്സുമാർക്കു തങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന കൊടിയ മാനസിക പീഡനങ്ങളുടെയും ചൂഷണത്തിന്റെയും കഥകളാണു പറയാനുള്ളത്.

രാജ്യത്തെ ആയിരക്കണക്കായ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിനു നഴ്സുമാരുടെ പ്രശ്നങ്ങളിലേക്കു സമൂഹത്തിന്റെയും അധികൃതരുടെയും ശ്രദ്ധ തിരിക്കുന്ന സംഭവമായിരുന്നു മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തുവന്ന മലയാളി നഴ്സായ ബീന ബേബിയുടെ ആത്മഹത്യ.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അടിയന്തിര ഇടപെടലിനും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ കർശനനടപടികൾക്കും ഈ സംഭവം വഴിതുറന്നു. എന്നാൽ, ഇരുപത്തിരണ്ടുകാരിയായ ബീനയ്ക്കുണ്ടായ അനുഭവം ആവർത്തിക്കപ്പെട്ടുകൂടാ. ഭരണകൂടങ്ങൾക്കും നഴ്സിംഗ് കൗൺസിലിനും ഇപ്പോൾ ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്ന ഉത്സാഹം കെട്ടുപോകാനും പാടില്ല.

മൗലികാവകാശങ്ങൾ പോലും ഹനിക്കുന്ന നിലയിലുള്ള പെരുമാറ്റമാണു സ്വകാര്യ ആശുപത്രി അധികൃതരിൽ നിന്നും ഉണ്ടാകുന്നതെന്നാണു നഴ്സുമാർ പറയുന്നത്. സ്വകാര്യ ഏജൻസികൾ വഴിയാണ് ഇവരിൽ ബഹുഭൂരിപക്ഷവും ജോലിയിൽ പ്രവേശിക്കുന്നത്. വാഗ്ദാനം ചെയ്യുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നു മാത്രമല്ല ഇടവേളയില്ലാതെ ഒന്നും രണ്ടും ദിവസങ്ങൾ വരെ തുടർച്ചയായി ജോലി ചെയ്യേണ്ടതായും വരുന്നു. സ്വന്തമായി ഹോസ്റ്റൽ സംവിധാനം ഉള്ള സ്വകാര്യ ആശുപത്രികൾ വളരെ കുറവാണ്. അതിനാൽ, രാത്രി പത്തു പതിനൊന്നുമണിയാകുമ്പോൾ തങ്ങളുടെ ഈവനിംഗ് ഷിഫ്റ്റു പൂർത്തിയാക്കി നഴ്സുമാർ അകലെയുള്ള താമസസ്ഥലത്തേക്കു പോകേണ്ടി വരുന്നു.

ബാംഗ്ലൂർ, മുംബൈ, ഡൽഹി തുടങ്ങിയ നഗരങ്ങളിൽ ആശുപത്രിക്കു സമീപം സ്വകാര്യ ഹോസ്റ്റലുകളിലും മറ്റും താമസസൗകര്യം എല്ലാവർക്കും ലഭ്യമാകുകയില്ല.



രാജ്യത്തു നഴ്സിംഗ് മേഖലയിൽ ഒരു ഏകീകൃത, വേതന- സേവന വ്യവസ്ഥ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്.രോഗീപരിചരണം എന്ന അങ്ങേയറ്റം അർപ്പണ മനോഭാവത്തോടെ നിറവേറ്റേണ്ട കർമം അനുഷ്ഠിക്കുന്ന നഴ്സുമാർക്കു നീതിയും സംരക്ഷണവും ഉറപ്പാക്കേണ്ടതു ഭരണകൂടത്തിന്റെ ബാധ്യതയും കടമയുമാണ്.

അതിനാൽ പതിനഞ്ചും ഇരുപതും കിലോമീറ്റർ അകലെ, ഒരേ ആശുപത്രിയിൽ ജോലി ചെയ്യുന്ന അഞ്ചും ആറുംപേർ നഗരപ്രാന്തങ്ങളിൽ ഒരുമിച്ചു മുറികൾ എടുത്താണു താമസിക്കുന്നത്. ഇവരിൽ ഓരോരുത്തരുടെയും ജോലിസമയവും വ്യത്യസ്തമായിരിക്കും. അതിനാൽ ഒറ്റയ്ക്കായിരിക്കും, പ്രത്യേകിച്ച് ഈവനിംഗ് ഷിഫ്റ്റിനു ശേഷം താമസസ്ഥലത്തേക്കു പോകുക. ഇവർ എത്രമാത്രം സുരക്ഷിതരാണ്?

ഏതാനും വർഷം മുമ്പ് ഈവനിംഗ് ഷിഫ്റ്റിനു ശേഷം താമസസ്ഥലത്തേക്കു മടങ്ങുകയായിരുന്ന ഇൻഫോസിസ് ജീവനക്കാരി യാത്രാവേളയിൽ ടാക്സിഡ്രൈവറുടെ മൃഗീയ ആക്രമണത്തിൽ കൊല്ലപ്പെട്ട കേസിൽ സുപ്രീംകോടതി നടത്തിയ നിരീക്ഷണം ഈ അവസരത്തിൽ ശ്രദ്ധേയമാണ്. വൈകിയവേളയിൽ ജോലികഴിഞ്ഞു താമസസ്ഥലത്തേക്കു മടങ്ങാൻ സുരക്ഷിതമായ സൗകര്യം ഏർപ്പെടുത്തേണ്ടതു സ്ഥാപന അധികൃതരുടെ ചുമതലയാണെന്നും ഇതിൽ വീഴ്ച വരുത്തുന്നതു കുറ്റകരമായ അനാസ്ഥയാണെന്നും വ്യക്തമാക്കിയിരുന്നു. സുപ്രീംകോടതിയുടെ ആ നിരീക്ഷണം ഈ അവസരത്തിൽ ശ്രദ്ധേയമാകുന്നു.

നഴ്സുമാർ ഉയർത്തിയ മറ്റു രണ്ടു ഗുരുതര പരാതികൾ ബോണ്ട് സമ്പ്രദായവും, സേവന-വേതന കാര്യങ്ങളിലുള്ള ചൂഷണവുമാണ്. രണ്ടും മൂന്നും വർഷമാണത്രെ ബോണ്ട് വ്യവസ്ഥയുടെ പേരിൽ സർട്ടിഫിക്കറ്റുകൾ വാങ്ങിവയ്ക്കുന്നത്. ഈ കാലയളവിൽ തുച്ഛമായ ശമ്പളവും. നല്ല അവസരങ്ങൾ കിട്ടുമ്പോൾ പോകാമെന്നു വിചാരിച്ചാൽ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കാൻ അമ്പതിനായിരവും ഒരു ലക്ഷവുമൊക്കെ നല്കണം. എന്നാൽ, ഇങ്ങനെയൊരു വ്യവസ്ഥയ്ക്കു നിയമപരമായി യാതൊരടിസ്ഥാനവുമില്ലതാനും. നഴ്സിംഗ് കൗൺസിൽ, ബോണ്ട് സമ്പ്രദായം നിർത്തലാക്കാൻ കർശനനിർദേശം ആശുപത്രികൾക്കു നല്കിയതു സ്വാഗതാർഹമാണ്. സേവന-വേതന കാര്യങ്ങളിലെ ചൂഷണം അവസാനിപ്പിക്കാനും സത്വര നടപടികൾ ഉണ്ടാവണം. ഇതിനായി രാജ്യത്തു നഴ്സിംഗ് മേഖലയിൽ ഒരു ഏകീകൃത, വേതന-സേവന വ്യവസ്ഥകൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്.

രോഗീപരിചരണം എന്ന അങ്ങേയറ്റം അർപ്പണ മനോഭാവത്തോടെ നിറവേറ്റേണ്ട കർമം അനുഷ്ഠിക്കുന്ന നഴ്സുമാർക്കു നീതിയും സംരക്ഷണവും ഉറപ്പാക്കേണ്ടതു ഭരണകൂടത്തിന്റെ ബാധ്യതയും കടമയുമാണ്.

***

# അഡ്വ. ടോം ജോസ് പടിഞ്ഞാറേക്കര അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ



പ്രോസിക്യൂഷൻസ് അഡീഷണൽ ഡയറക്ടർ ജനറലും അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുമായി ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകൻ ടോം ജോസ് പടിഞ്ഞാറേക്കരയെ നിയമിച്ചു. ജനശ്രദ്ധ പിടിച്ചുപറ്റിയ നിരവധി കേസുകളിൽ പ്രോസിക്യൂഷനു വേണ്ടി ഹാജരായിട്ടുള്ള ടോം ജോസ് 1990 ലാണ് അഭിഭാഷകനായി എൻറോൾ ചെയ്തത്.

മൊബൈൽ ഫോൺ രേഖകൾ തെളിവായി സ്വീകരിച്ചു സംസ്ഥാനത്ത് ആദ്യമായി പ്രതികളെ കോട്ടയം ജില്ലാ കോടതി ശിക്ഷിച്ച പിന്റുജയിൻ കൊലക്കേസിൽ പ്രോസിക്യൂട്ടറായിരുന്നു അദ്ദേഹം. കേരള വാടക നിയമം പരിഷ്ക്കരിക്കണമെന്നു ഹൈക്കോടതി വിധിച്ച പൊതുതാത്പര്യ കേസിലും ഹർജിക്കാരനും വേണ്ടി ഹാജരായി.

കോട്ടയത്ത് പിഞ്ചുകുഞ്ഞുങ്ങളെ പിതാവ് ആറ്റിൽ മുക്കി കൊലപ്പെടുത്തിയ കേസ്, ചങ്ങനാശ്ശേരിയിൽ വൃദ്ധരായ ഇരട്ട സഹോദരങ്ങളെ കൊലപ്പെടുത്തിയ കേസ്, വാകത്താനത്തെ ഓട്ടോ ഡ്രൈവർ ജോസ് വധക്കേസ്, വൈക്കത്ത് ദളിത് യുവതിയെ കൂട്ട മാനഭംഗം നടത്തിയ കേസിൽ അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടുപിടിക്കാത്ത തെളിവുകൾ പ്രോസിക്യൂട്ടർ കോടതിയിൽ ഹാജരാക്കിയ അടിസ്ഥാനത്തിൽ പ്രതികളെ ശിക്ഷിച്ച കേസ് തുടങ്ങി നിരവധി കേസുകളിൽ പ്രോസിക്യൂഷനുവേണ്ടി ഹാജരായി പ്രതികളെ ശിക്ഷിച്ചു. പ്രമാദമായ കിളിരൂർ കേസിലും, പ്രവീൺ വധക്കേസിലും, പ്രോസിക്യൂഷനു വേണ്ടി ജാമ്യഹർജിയിൽ ഹാജരായി.

ഇടുക്കി പന്നിയാർ കേസിൽ മരണപ്പെട്ട ഇലക്ട്രിസിറ്റി ജീവനക്കാരൻ ജയ്സനു നഷ്ടപരിഹാരം ഹൈക്കോടതി അനുവദിച്ച റിട്ട് ഹർജിയിൽ ഹർജിക്കാരനു വേണ്ടി ഹാജരായി. കേരള വാടക നിയമം പരിഷ്ക്കരിക്കണമെന്നു ഹൈക്കോടതി വിധിച്ച പൊതുതാത്പര്യ കേസിലും ഹർജിക്കാരനു വേണ്ടി ഹാജരായി.

കോട്ടയം ജില്ലാ കോടതി പ്രോസിക്യൂട്ടർ, ഗവൺമെന്റ് സ് പ്ലീഡർ- പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുള്ള ടോം ജോസ് പ്രതിച്ഛായ പബ്ലീഷിംഗ് ട്രസ്റ്റ് ഡയറക്ടർ ബോർഡംഗം കൂടിയാണ്. കേരള ഗവൺമെണ്ട് പ്ലീഡർ ആൻഡ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന പ്രസിഡണ്ട് ആയിരുന്നു.

പാലാ മുനിസിപ്പൽ ചെയർമാനായിരുന്ന ജോസ് തോമസ് പടിഞ്ഞാറേക്കരയുടെയും ചെയർ പേഴ്സണായിരുന്ന പൊന്നമ്മ ജോസിന്റെയും മകനാണു ടോം ജോസ്. ഭാര്യ ബിനു എൻജിനീയറാണ്. മക്കൾ: ജോസ്, പൊന്നു, ജേക്കബ്.

# ഇടതുപക്ഷം സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നു

**പി.ടി.ജോസ്**



രാഷ്ട്രീയ അരാജകത്വവും ജനാധിപത്യ ധ്വംസനവും സൃഷ്ടിച്ച് സംസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷം തകർക്കാനാണ് ഇടതുപക്ഷം ശ്രമിക്കുന്നതെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് കുറ്റപ്പെടുത്തി.

പെരിന്തൽമണ്ണ, മങ്കട നിയോജക മണ്ഡലങ്ങളുടെ സംയുക്ത യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന ജനറൽ സെക്രട്ടറി ചാക്കോ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. കേരളാ കോൺഗ്രസ് (എം) മലപ്പുറം ജില്ലാപ്രസിഡണ്ട് ജോണി പുല്ലന്താനി അധ്യക്ഷത വഹിച്ചു. നിയോജക മണ്ഡലം പ്രസിഡണ്ടുമാരായ മാത്യു വർഗീസ്, കെ.വി.ജോർജ്, ജില്ലാ ഭാരവാഹികളായ കെ.എം.ഇഗ്നേഷ്യസ്, സി.കെ.ജോസഫ്, പി.വി.ജോർജ്,ജോസ് പണ്ടാരപ്പള്ളി, എം.എം. ഫിലിപ്പ്, സതീഷ് വർഗീസ്, ജോസഫ് കുട്ടി കൂത്രപ്പള്ളി എന്നിവർ പ്രസംഗിച്ചു.

# വാർത്തകൾ

### വിദ്യാഭ്യാസ വായ്പ നിഷേധം

## കെ.എസ്.സി.(എം) ഇടപെട്ടു വായ്പ അനുവദിച്ചു



മുണ്ടക്കയത്ത് വിജയാബാങ്കിൽ വിദ്യാഭ്യാസ വായ്പ നിഷേധിക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥിനി പുലിക്കുന്ന് കപ്പിലാംമൂട് വാഴവേലിൽ ശ്യാമിലിയ്ക്കു കെ.എസ്.സി(എം) ഉപരോധത്തെയും റീജണൽ മാനേജരുമായി കെ.എസ്.സി(എം) നടത്തിയ ചർച്ചയെയും തുടർന്നു വായ്പ അനുവദിച്ചു. കഴിഞ്ഞ ഓഗസ്റ്റിൽ അഡ്മിഷൻ നേടിയ നഴ്സിംഗ് വിദ്യാർത്ഥിയായ ശ്യാമിലി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനായി പലതവണ മുണ്ടക്കയം വിജയാ ബാങ്ക് ശാഖയിൽ കയറി ഇറങ്ങിയിട്ടും അനുവദിച്ചില്ല. കഴിഞ്ഞ ദിവസം ബാങ്കിലെത്തിയ പെൺകുട്ടി വായ്പ ലഭിക്കുന്നതിനു കൂടുതൽ കാലതാമസം വരുമെന്ന് അറിയിച്ചതിനെ തുടർന്നു കുഴഞ്ഞു വീഴുകയായിരുന്നു.

ഇതിൽ പ്രതിഷേധിച്ചു കെ.എസ്.സി(എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ വിജയാബാങ്കിലേക്കു വിദ്യാർത്ഥി മാർച്ചും ഉപരോധവും നടത്തി. ഉപരോധം കെ.എസ്.സി(എം) സംസ്ഥാന പ്രസിഡണ്ട് പന്മന മഞ്ജേഷ് ഉദ്ഘാടനം ചെയ്തു. റെജോ കടവൻ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ സച്ചിൻ ജെയിംസ് ആൻസൺ ആന്റണി, സൂരജ് ഷാജി, സാം പള്ളിത്തോട്, ജിബിൻ സണ്ണി, ജേക്കബ്, ബിന്നി വടക്കേടം, അമൽ ടോം ജോസ്, ഷെമിം എന്നിവർ പ്രസംഗിച്ചു. ✵

## കേരളാ കോൺഗ്രസ് (എം) പ്രവർത്തകർ ചിറയിൻകീഴ് താലൂക്ക് ആശുപത്രി പരിസരം ശുചീകരിച്ചു

കേരളാ കോൺഗ്രസ് (എം) ചിറയിൻകീഴ് നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയും പരിസരവും ശുചീകരിച്ചു. നിർധന രോഗികൾക്കു സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുകയും വാർഡുകളിലുണ്ടായിരുന്ന ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്തു.

നിയോജകമണ്ഡലം പ്രസിഡണ്ട് പെരുങ്ങുഴി പുഷ്ക്കരൻ എം.നൈസാം, അഡ്വ. എ.സി.എമേഴ്സൽ,മുരുക്കുംപുഴ ബിജു, ഷിനു ചരുവിള, ജയ്റാം, ബെൻഹാരി ഗോമസ് ഷിബു, ജനകലത, ബിന്ദു, അഡ്വ.ജോസ്, അലക്സാണ്ടർ, ബ്രൂണോ എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി.



# വാർത്തകൾ

# കേരളത്തിലെ അക്കാദമിക് നിലവാരം ഉയർത്തും

**കെ.എം.മാണി**



കെ.എസ്.സി.(എം) 48-ാം ജന്മദിന സമ്മേളനത്തിൽ കേരളാ കോൺഗ്രസ് (എം) ചെയർമാൻ ധനമന്ത്രി കെ.എം.മാണി കേക്കു മുറിക്കുന്നു. ജലവിഭവ മന്ത്രി പി.ജെ.ജോസഫ്, എം.എൽ.എമാരായ സി.എഫ്.തോമസ്, തോമസ് ഉണ്ണിയാടൻ, റോഷി അഗസ്റ്റിൻ, കെ.എസ്.സി.(എം) സംസ്ഥാന പ്രസിഡണ്ട് പൻമന മഞ്ജേഷ് എന്നിവർ സമീപം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ആവശ്യമായ പദ്ധതികൾ സർക്കാർ ആലോചിച്ചു നടപ്പാക്കുമെന്നു സംസ്ഥാന ധനകാര്യവകുപ്പു മന്ത്രി കെ.എം.മാണി പറഞ്ഞു. കെ.എസ്.സി.(എം) 48-ാം ജന്മദിന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐ.ഐ.ഐ.ടി, ഐ.ഐ.എം.സി. എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തേക്കു വരുന്നതോടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടാകാൻ പോകുന്നത്. ഇതിനുവേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും കെ.എം.മാണി കൂട്ടിച്ചേർത്തു.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തു മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ നമുക്കു കഴിയേണ്ടതുണ്ടെന്നും ഇതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൈകോർത്തു പ്രവർത്തിക്കുമെന്നും പാർട്ടി വർക്കിംഗ് ചെയർമാനും ജലവിഭവ വകുപ്പു മന്ത്രിയുമായ പി.ജെ.ജോസഫ് പറഞ്ഞു.

കെ.എസ്.സി.(എം) സംസ്ഥാന പ്രസിഡണ്ട് പന്മന മഞ്ജേഷ് അധ്യക്ഷത വഹിച്ചു. ഗവ.ചീഫ് വിപ്പ് പി.സി.ജോർജ്, അഡ്വ.ജോയ് ഏബ്രഹാം, എംഎൽഎമാരായ സി.എഫ്.തോമസ്, അഡ്വ. തോമസ് ഉണ്ണിയാടൻ, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, ഡോ. എൻ.ജയരാജ്, അഡ്വ. ആന്റണി രാജു എക്സ് എം.എൽ.എ, വാമനപുരം പ്രകാശ് കുമാർ, കൊട്ടാരക്കര പൊന്നച്ചൻ, വികടർ ടി.തോമസ്, സിറിയക് കാവിൽ, അഡ്വ.ജോൺ ജോർജ്, ഡോ.വർഗീസ് പേരയിൽ, കെ.എസ്.സി (എം) ഭാരവാഹികളായ ജോമോൻ കുന്നേൽ, സൂരജ് ഷാജി, ഹാരീസ് പള്ളിക്കൽ, രാജേഷ് ഇടപ്പുര, ഇ.സനീഷ്, ഖാദർ മങ്കട, ശ്യാം ജി.കൃഷ്ണൻ, പ്രവീൺ, ഷാം എന്നിവർ പ്രസംഗിച്ചു. ✲

---

# സൈക്കിൾമുക്ക്-തേവേരി റോഡ് ഗതാഗത യോഗ്യമാക്കണം

**വിക്ടർ ടി.തോമസ്**



ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടു നാശോൻമുഖമായിരിക്കുന്ന സൈക്കിൾ മുക്ക്- തേവേരി റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കണമെന്നു കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് വിക്ടർ ടി.തോമസ് ആവശ്യപ്പെട്ടു.

പടിഞ്ഞാറൻ മേഖലയെ കായംകുളം-തിരുവല്ല റോഡുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡായ ഇതിന്റെ ഇന്നത്തെ ദുരവസ്ഥ മൂലം വാഹന ഗതാഗതവും അടക്കം കാൽനട യാത്രപോലും ദുസ്സഹമായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. യൂത്ത് ഫ്രണ്ട് (എം) നിരണം മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യൂത്ത് ഫ്രണ്ട് (എം) മണ്ഡലം പ്രസിഡണ്ട് സിബി എം. താഴക്കര അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ.രാജേഷ്, പാർട്ടി മണ്ഡലം പ്രസിഡണ്ട് ജേക്കബ്. കെ.ഉമ്മൻ, സുരോജ് കിഴക്കേപറമ്പിൽ, യൂത്ത് ഫ്രണ്ട് (എം) ജില്ലാ സെക്രട്ടറിമാരായ ജേക്കബ് മാമ്മൻ, റെയ്ന ജെ.ജോർജ്, നിയോജകമണ്ഡലം പ്രസിഡണ്ട്, ബിനു കുരുവിഴ, നെബു തെങ്ങളത്ത്, പി.എ.ജോസഫ്, വി.എം.യോഹന്നാൻ, ജയാ കോശി, സുമ റെജി, ഉഷാ വർഗീസ്, ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ✲

**നളചരിതം**

# ദമയന്തി നളനെ വരിക്കുന്നു

(35-ാം പേജിൽ നിന്നു തുടർച്ച)

എല്ലാവരും ആസനസ്ഥരായി കഴിഞ്ഞപ്പോൾ തോഴിമാരാൽ പരിസേവിതയായി സർവാഭരണവിഭൂഷിതയായ ദമയന്തി സ്വയംവര സദസ്സിലേക്കു മന്ദം മന്ദം കടന്നുവന്നു. അവളുടെ അലോകസൗന്ദര്യം രാജാക്കന്മാരെ പ്രണയ വിവശരാക്കി. ഇങ്ങനെയുമുണ്ടോ സ്ത്രീസൗന്ദര്യം! അവർ ആത്മഗതം ചെയ്തു. ഇവളെ വരിക്കുന്ന ഭാഗ്യവാൻ ഞാനായിരിക്കുമോ എന്ന് ഓരോരുത്തരും സ്വയം ചോദിച്ചു. എനിക്കു ലഭിക്കണേ, എനിക്കു ലഭിക്കണേ എന്നു ഹൃദയം തുറന്നു പ്രാർത്ഥിച്ചു.

ഓരോ രാജാവിന്റെയും പേരു പറയുമ്പോൾ കണ്ണുകൾ കൊണ്ടൊന്നു കടാക്ഷിച്ച് ഒരു പുഞ്ചിരി സമ്മാനിച്ചു ദമയന്തി തോഴിമാരോടൊപ്പം മുന്നോട്ടു നീങ്ങി. നളനെവിടെ, എവിടെ എന്നവളുടെ ഹൃദയം തുടികൊട്ടി ചോദിച്ചുകൊണ്ടിരുന്നു. നളന്റെ സമീപമെത്താൻ, വരണമാല്യം ആ കഴുത്തിലണിയിക്കാൻ അവൾക്കു ധൃതിയായി. അങ്ങനെ നടന്നു നടന്നു നളനിരിക്കുന്നിടത്തെത്തി. അപ്പോളതാ മറ്റൊരത്ഭുതം. അഞ്ചു നളന്മാർ അടുത്തടുത്തിരിക്കുന്നു! എല്ലാവരും അമ്പരന്നു പോയി. രാജാക്കന്മാരെ പരിചയപ്പെടുത്തുന്ന രാജവിദൂഷിയും കുഴങ്ങി. ഏതാണു നളൻ?

ദമയന്തിയുടെ ഉള്ളിലൊരു മിന്നൽ പാഞ്ഞു. താൻ നളനോടു പറഞ്ഞതവൾ ഓർത്തു. ദേവന്മാരോടു സഭയിൽ വന്നിരിക്കാനാണല്ലോ പറഞ്ഞിരുന്നത്. അവരുടെ മുമ്പിൽ വച്ചുതന്നെ നളനെ വരിക്കാം എന്നാണു കരുതിയത്. ഈശ്വരാ, ഇതെന്തു പരീക്ഷണം? യഥാർത്ഥ നളനേത്? ഏതു നളന്റെ കഴുത്തിൽ വരണമാല്യം അർപ്പിക്കും? ദമയന്തി വല്ലാതെ വിവശയായി.

ദേവകളുടെ അടയാളങ്ങൾ മുതിർന്നവർ ചൊല്ലി കേട്ടിട്ടുണ്ട്. കണ്ണിമയ്ക്കില്ല. വിയർക്കില്ല. ദേഹത്തു മാലിന്യങ്ങൾ പുരളില്ല. കാലുകൾ മണ്ണിൽ തൊടില്ല. പക്ഷേ, ഇവിടെ ആരുമില്ലങ്ങനെ. എല്ലാവരും ഒരുപോലെ. അഞ്ചുപേരും പുഞ്ചിരി തൂകി തന്നെത്തന്നെ നോക്കിയിരിക്കുന്നു. ഇനി മറ്റൊരുമാർഗമില്ല. ദേവകളെ തന്നെ ശരണം പ്രാപിക്കുക.

ദമയന്തി കൈകൂപ്പി പഞ്ചനളന്മാർക്കു മുന്നിൽ നിന്നു. നിറകണ്ണുകളോടെ ഇങ്ങനെ പ്രാർത്ഥിച്ചു. ഭക്തപ്രിയരായ ദേവന്മാരേ, പ്രസാദിക്കണേ. നിങ്ങളുടെ ഭക്തയായ എന്നിൽ കരുണ കാട്ടേണമേ. അരയന്നങ്ങളും ബ്രാഹ്മണരുമൊക്കെ പറഞ്ഞു കേട്ടു കേട്ട് എന്റെ ഹൃദയം ഞാൻ നളനു സമർപ്പിച്ചുപോയി. അദ്ദേഹത്തെ ഞാനെന്റെ മനസ്സുകൊണ്ടു ഭർത്താവായി വരിച്ചുപോയി. ഈ സത്യമോർത്ത് അവനെ നിങ്ങൾ എനിക്കു നല്കിയാലും. ചിന്തകൊണ്ടും വാക്കുകൊണ്ടും ഞാനൊരു തെറ്റും ചെയ്തവളല്ല. സത്യം മാത്രമേ വിചാരിക്കൂ, അതുമാത്രമേ പറയൂ. എന്റെ ഈ സത്യനിഷ്ഠയോർത്തു ദേവകളേ, അവനെ നിങ്ങൾ എനിക്കു നല്കിയാലും. എല്ലാവരും ഈ നിഷധരാജാവിനെ എന്റെ ഭർത്താവെന്നു പറഞ്ഞു പോന്നു. അതു ഞാനും ഉള്ളിൽ വിശ്വസിച്ചു. ഈ സത്യമോർത്തു ദേവകളേ, അവനെ എനിക്കു നല്കിയാലും. നളാരാധന എന്ന വ്രതം കൈക്കൊണ്ടിരിക്കുന്നവളാണു നിങ്ങളുടെയീ ഭക്ത. ഈ സത്യമോർത്തു നിങ്ങൾ അവനെത്തന്നെ എനിക്കു നല്കിയാലും. ലോകേശ്വരരായ നിങ്ങൾ സ്വരൂപം സ്വീകരിച്ച് എന്റെ നളനെ എനിക്കു കാട്ടിത്തന്നാലും. ഞാനവനെ ഭർത്താവായി വരിക്കട്ടെ.

ദമയന്തി ഇങ്ങനെ ദയനീയമായി കേണപ്പോൾ ദേവന്മാരുടെ മനസ്സലിഞ്ഞു. അവർ തങ്ങളുടെ സ്വരൂപം പ്രദർശിപ്പിച്ചു. അതാ നാലു നളന്മാർ കണ്ണിമയ്ക്കാതിരിക്കുന്നു. വിയർപ്പും പൊടിയും ഇല്ലാതിരിക്കുന്നു. അവരുടെ കഴുത്തിലെ മാലയിൽ ഒരു പൂവും വാടിയിട്ടില്ല. കാലുകൾ നിലത്തു തൊട്ടിട്ടില്ല. ഒരാൾ മാത്രം ഇമകളടച്ചും തുറന്നും ചിരിച്ചിരിക്കുന്നു. മാലയിലെ പൂക്കൾ പകുതി വാടിക്കഴിഞ്ഞു. വിയർക്കുന്നു. ദേഹമാകെ പൊടിയും പുരണ്ടിരിക്കുന്നു. കാലുകൾ നിലത്തമർന്നിരിക്കുന്നു.

പിന്നെ ദമയന്തി ഒട്ടും സംശയിച്ചില്ല. തന്റെ കൈയിലിരുന്ന വാടാമലർമാല നളന്റെ കഴുത്തിൽ അർപ്പിച്ചു. എല്ലാവരും ഭേഷ്, ഭേഷ് എന്നഭിനന്ദിച്ചു. ദേവകൾ പുഷ്പവർഷം ചെയ്തു. ശംഖുകൾ മുഴങ്ങി. ഭേരീനാദങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു. വീരസേനനും ഭീമരാജാവും രണ്ടമ്മമാരും നളദമയന്തിമാരെ അഭിനന്ദിച്ചു, അനുഗ്രഹിച്ചു.

*(തുടരും)*

**അറിയേണ്ടും കാര്യം**

# മൊബൈൽ ഫോൺ കാൻസറിനു കാരണമല്ലെന്നു റിപ്പോർട്ട്



**മൊ**ബൈൽ ഫോണിന്റെ ഉപയോഗം കാൻസറിനും മറ്റു ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ടോ എന്നതു സംബന്ധിച്ച പഠനങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളും കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി സജീവമായി നടന്നുവരുന്നു. അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള റിപ്പോർട്ടുകൾ പ്രബലമാണ്. മൊബൈൽ ഉപയോഗം മസ്തിഷ്കാർബുദത്തിനു കാരണമാകുന്നില്ലെന്ന റിപ്പോർട്ടാണ് ഏറ്റവും ഒടുവിലായി പുറത്തുവന്നിരിക്കുന്നത്. ഡെന്മാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാൻസർ എപ്പിഡെമിയോളജിയിലെ ഗവേഷകർ മൂന്നരലക്ഷം മൊബൈൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തി 18 വർഷമെടുത്തു നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിഗമനം. മൂന്നരലക്ഷം പേരിൽ 18 വർഷം നീണ്ട പഠനകാലയളവിൽ 356 പേർക്കു മസ്തിഷ്കാർബുദവും 86 പേർക്കു മറ്റു പലതരത്തിലുള്ള കാൻസറുകളും ഉണ്ടായി. എന്നാൽ, ഇതു മൊബൈൽ ഉപയോഗത്തെ തുടർന്നാണെന്നു പറയാൻ കഴിയില്ലെന്നും രാജ്യത്തെ മൊബൈൽ ഫോൺ ഉപഭോക്താക്കളല്ലാത്തവർക്കിടയിലെ കാൻസർ ബാധിതരുടെ നിരക്കിനു തുല്യമാണിതെന്നുമാണു ഗവേഷകസംഘത്തിന്റെ വിലയിരുത്തൽ. എന്തുതന്നെയായാലും ലോകാരോഗ്യസംഘടന മൊബൈൽ ഫോണിന്റെ അമിത ഉപയോഗത്തെ കാൻസറിനുള്ള കാരണങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽഫോണിലൂടെയുള്ള സംഭാഷണത്തിന്റെ ദൈർഘ്യം കുറയ്ക്കുക, ഫോൺ നേരിട്ടു ചെവിയോടു ചേർത്തു വയ്ക്കാതെ ഇയർ ഫോൺ ഉപയോഗിക്കുക, എസ്.എം.എസുകളിലൂടെ കഴിവതും ആശയവിനിമയം നടത്തുക, കെട്ടിടങ്ങളുടെ ഭൂഗർഭഭാഗങ്ങളിൽ മൊബൈൽ ഉപയോഗം ഒഴിവാക്കുക തുടങ്ങിയ ഒട്ടനവധി നിർദേശങ്ങൾ ലോകാരോഗ്യസംഘടന മുന്നോട്ടുവയ്ക്കുന്നുണ്ട്.

***

സാമ്പത്തികരംഗം

# നാണ്യപെരുപ്പത്തിനെതിരെ നിഴൽയുദ്ധം

ഡോ.ജോയ് ജേക്കബ്




**ഇന്ത്യ ഇപ്പോഴുള്ള സാമ്പത്തിക വളർച്ചാ നിരക്കായ 8.2 ശതമാനം കൈവരിച്ചു മുന്നോട്ടു പോയാൽ 2012ൽ ജപ്പാന്റെ മുമ്പിലെത്താൻ പോലും സാധ്യത ഉള്ളതായി കരുതപ്പെടുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാണയപ്പെരുപ്പത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇന്ത്യയുടെ സാമ്പത്തിക പുരോഗതി തന്നെയാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഇതിനെ ബലപ്പെടുത്തുന്ന മറ്റൊരു വസ്തുതയാണു ലോകമെമ്പാടുമുള്ള ബഹുരാഷ്ട്രാ കമ്പനികൾ ഇന്ത്യയിൽ എത്തിപ്പെടുവാൻ കാണിക്കുന്ന താത്പര്യം.**

നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി 2010 സാമ്പത്തിക വർഷത്തിനു ശേഷം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 13 പ്രാവശ്യം ബാങ്കിംഗ് നിരക്കുകളിൽ മാറ്റം വരുത്തുകയുണ്ടായി. സാധനങ്ങളുടെ വിലവർധന കുറയ്ക്കുന്നതിനുവേണ്ടി പണത്തിന്റെ ലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യത്തോടു കൂടി റിസർവ് ബാങ്ക് നടത്തുന്ന ഇടപെടലുകളാണു റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകളിലും കരുതൽ ധനനിക്ഷേപ നിരക്കിലും വരുത്തുന്ന മാറ്റങ്ങൾ. (ബാങ്കുകൾക്കു റിസർവ് ബാങ്ക് വായ്പ നല്കുമ്പോൾ ഈടാക്കുന്ന പലിശയാണു റിപ്പോ നിരക്ക്. ബാങ്കുകളുടെ അധിക ഫണ്ട് റിസർവ് ബാങ്കിൽ നിക്ഷേപിക്കുമ്പോൾ നല്കുന്ന പലിശയാണു റിവേഴ്സ് റിപ്പോ നിരക്ക്.)

ഇതിന്റെ ഫലമായി ബാങ്കുകൾ പലിശ ഉയർന്നു. അപ്പോൾ ബാങ്ക് വായ്പകൾ കൂടുതൽ ചിലവുള്ളതും അപ്രിയവുമാകും. ബാങ്കുകളുടെ വായ്പാ അനുപാതത്തിൽ ഇതുമൂലം കുറവുണ്ടാകുക വഴി പണത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനു കഴിയുമെന്ന് അനുമാനിക്കപ്പെടുന്നു.

ലക്ഷ്യം ഇതായിരിക്കെ റിസർവ്ബാങ്ക് കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ഇത്തരം ഇടപെടലുകൾ വഴി നാണയപ്പെരുപ്പത്തിന്റെ തോതിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ലെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള റിസർവ് ബാങ്കിന്റെ ഈ നടപടികൾ ലക്ഷ്യം കാണുന്നില്ലെന്ന് അവരുടെ കണക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

നാണയപ്പെരുപ്പത്തിന്റെ അടിസ്ഥാനപരമായ ചില കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. രാജ്യം സാമ്പത്തിക വളർച്ച കൈവരിക്കുന്നതോടൊപ്പം ജനങ്ങളുടെ ക്രയവിക്രയശേഷി വർധിക്കുകയും ഉപഭോഗ ആവശ്യങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടി കൂടുതൽ പണം ചിലവഴിക്കപ്പെടുകയും ചെയ്യുന്നു.

2. രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യത കുറയുന്നു.

3. രാജ്യത്തു കള്ളപ്പണത്തിന്റെ തോതിൽ അമിതമായ വർധന ഉണ്ടാകുന്നു.

ഏതൊരു രാജ്യവും നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന യാഥാസ്ഥിതിക മാർഗങ്ങൾ തന്നെയാണു റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, ഇത്തരത്തിലുള്ള നടപടികൾ ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉളവാക്കാത്ത സാഹചര്യത്തിൽ അതിന്റെ കാരണങ്ങളെപ്പറ്റി കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും ഫലവത്തായ മറ്റു മാർഗങ്ങൾ തേടുന്നതിനും റിസർവ് ബാങ്ക് മുന്നോട്ടു വരാത്തതെന്തുകൊണ്ടാണെന്നു വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

ഇന്ത്യ കഴിഞ്ഞ ശതകത്തിൽ അതിവേഗം പുരോഗതിയുടെ പാതയിലൂടെ മുന്നോട്ടു പോവുകയായിരുന്നു. സാമ്പത്തിക പുരോഗതി നേടിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ ശ്രേണിയിൽ നിന്നും പുരോഗതി കൈവരിച്ച രാജ്യങ്ങളുടെ നിരയിലേക്ക് ഇന്ത്യക്കു സ്ഥാനക്കയറ്റം കിട്ടിയെന്നുള്ളതാണു യാഥാർത്ഥ്യം. അന്താരാഷ്ട്ര നാണയ നിധി (ഐ.എം.എഫ്.) പുറത്തു

വിട്ട കണക്കുകൾ പ്രകാരം ഇന്ത്യയുടെ സമ്പദ്ഘടന 2010ൽ 4.06 ലക്ഷം കോടി ഡോളറിന്റെതാണ്. ഇതു ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായ ജപ്പാന്റെ 4.36 ലക്ഷം കോടി ഡോളർ സമ്പദ്ഘടനയുടെ തൊട്ടടുത്താണെന്നുള്ളതാണ് ഏറെ പ്രാധാന്യത്തോടു കൂടി നാം കാണേണ്ട വസ്തുത.




ഇന്ത്യ ഇപ്പോഴുള്ള സാമ്പത്തിക വളർച്ചാ നിരക്കായ 8.2 ശതമാനം കൈവരിച്ചു മുന്നോട്ടു പോയാൽ 2012ൽ ജപ്പാന്റെ മുമ്പിലെത്താൻ പോലും സാധ്യത ഉള്ളതായി കരുതപ്പെടുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാണയപ്പെരുപ്പത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇന്ത്യയുടെ സാമ്പത്തിക പുരോഗതി തന്നെയാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഇതിനെ ബലപ്പെടുത്തുന്ന മറ്റൊരു വസ്തുതയാണു ലോകമെമ്പാടുമുള്ള ബഹുരാഷ്ട്രാ കമ്പനികൾ ഇന്ത്യയിൽ എത്തിപ്പെടുവാൻ കാണിക്കുന്ന താത്പര്യം.



തങ്ങളുടെ കള്ളപ്പണം വെളുപ്പിക്കുന്നതിനായി ബാങ്കുകളെ സമീപിക്കുന്നവരെയും കിടപ്പാടവും കൃഷിസ്ഥലവും പണയപ്പെടുത്തി സത്യസന്ധമായി ഇടപാടുകൾ നടത്തുന്നവരെയും ഒരേ മാനദണ്ഡത്തിൽ കാണുന്നതു നീതിക്കു നിരക്കാത്തതാണ്. ലോകമെമ്പാടും സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ അമർന്നപ്പോഴും നമ്മുടെ രാജ്യം കാര്യമായ പരുക്കുകളില്ലാതെ രക്ഷപ്പെട്ടത് ഇന്ത്യയുടെ ശക്തമായ കാർഷിക മേഖലയും അതിനെ താങ്ങിനിർത്തുന്ന ഇടത്തരക്കാരായ സാധാരണ കർഷകരും കാരണമാണ്.

ജനങ്ങളുടെ ക്രയവിക്രയശേഷി വർധിക്കുന്നതിന് ആനുപാതികമായി മൊത്ത ആഭ്യന്തര ഉത്പാദനം വർധിക്കാത്ത സാഹചര്യത്തിൽ നാണയപ്പെരുപ്പം ഉണ്ടാകും എന്നതിൽ സംശയം വേണ്ട. റിസർവ് ബാങ്ക് പുറത്തുവിടുന്ന കണക്കുകൾ പ്രകാരം ഏതെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വിലവർധനമൂലമാണു നാണയപ്പെരുപ്പത്തിന്റെ തോതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളത് എന്നും വ്യക്തമാണ്. ഈ വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ ഇന്ത്യയിലെ നാണയപ്പെരുപ്പത്തിന്റെ പ്രധാന കാരണങ്ങൾ അവശ്യസാധനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യവും അതിന്റെ ലഭ്യതക്കുറവുമാണെന്നതു സ്ഥിരീകരിക്കപ്പെടുന്നു.

ഇന്നു നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ വളരെയേറെ സ്വാധീനിക്കുന്ന പല അഴിമതിക്കഥകളും നാം വായിക്കാറുണ്ട്. ഇതിന്റെ യാഥാർത്ഥ്യങ്ങൾ തേടുന്നതിലുപരി നാം അംഗീകരിക്കേണ്ട ഒരു സത്യമുണ്ട്. നമ്മുടെ സമ്പദ്ഘടനയ്ക്കൊപ്പം തന്നെ കള്ളപ്പണത്തിന്റെ ഒരു സമാന്തരസമ്പദ്ഘടന വളർന്നുവരുന്നു എന്ന യാഥാർത്ഥ്യം. ഇതു നിഷേധിക്കുവാൻ റിസർവ് ബാങ്കിന്റെ ഉദ്യോഗസ്ഥർക്കു കഴിയുമോ?

ഇന്ത്യയിൽ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടി ഗവൺമെൺ്റ് വൻതോതിൽ ചിലവിടുന്ന പണത്തിന്റെ വലിയ ഒരു വിഹിതം ഈ സമാന്തര സമ്പദ്ഘടനയിലേക്ക് ഒഴുകിയെത്തുന്നുവെന്നുള്ളതാണു മറ്റൊരു സത്യം. ഇതുമൂലം രാജ്യത്തിന്റെ ഉത്പാദന മേഖലയിൽ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ഉണ്ടാകാതിരിക്കുകയും കള്ളപ്പണത്തിന്റെ തോതിൽ ക്രമാതീതമായി വർധനയുണ്ടാവുകയും ചെയ്യുന്നു. ഈ അവസ്ഥാവിശേഷം രാജ്യത്തു നാണ്യപ്പെരുപ്പത്തിന്റെ ഗതിവേഗം കൂടുന്നതിനു മാത്രമേ ഉപകരിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ബാങ്ക് നിരക്കുകൾകൊണ്ടു റിസർവ് ബാങ്ക് നടത്തുന്ന ഈ പാവകളി നാണയപ്പെരുപ്പത്തിന് എതിരെ നടത്തുന്ന വെറും നിഴൽയുദ്ധമാണ്.

രാജ്യത്തെ സാധാരണക്കാരായ കർഷകരും ഇടത്തട്ടുകാരും മാത്രമാണ് ഈ നടപടികളുടെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നത് എന്നുള്ളതാണ് ഏറെ പരിതാപകരമായ വസ്തുത.

ചെറുകിട-നാമമാത്ര കർഷകരും താഴ്ന്ന വരുമാനക്കാരുമായ ഒട്ടനവധി കുടുംബങ്ങൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പെൺമക്കളുടെ വിവാഹാവശ്യങ്ങൾക്കുമായി ബാങ്കുകളെ സമീപിക്കുന്നതു മറ്റു മാർഗങ്ങൾ ഇല്ലാത്തതുകൊണ്ടും സ്വകാര്യ പണമിടപാടുകാരെ ഭയന്നിട്ടുമാണ്. തികച്ചും പരിമിതമായ അവരുടെ വരുമാനത്തിൽ നിന്നും മിച്ചംപിടിച്ചു ലക്ഷ്യം കാണാൻ പറ്റാത്ത കാര്യങ്ങൾക്കായി കടം ചോദിച്ചാണ് ഇക്കൂട്ടർ ബാങ്കുകളെ ആശ്രയിക്കുന്നത്. ആയുഷ്ക്കാലം മുഴുവൻ സമ്പാദിച്ചാലും ഒരു കൂര പണിത് അതിലന്തിയുറങ്ങുന്നതു സ്വപ്നം പോലും കാണാൻ കഴിയാത്ത നമ്മുടെ സാധാരണക്കാരായ ഇടത്തട്ടുകാർ കിടപ്പാടം പണയം വച്ച് എടുക്കുന്ന ഭവനവായ്പകൾ അവർക്കു തീരാശാപമായി മാറുവാൻ മാത്രമേ റിസർവ് ബാങ്കിന്റെ ഇത്തരം നടപടികൾ ഉപകരിക്കാറുള്ളൂ.




**സന്തുലിതമായ സാമ്പത്തിക വളർച്ചയ്ക്കു ജനങ്ങളുടെ വർധിച്ച തോതിലുള്ള സമ്പാദ്യശീലവും അതുവഴിയുണ്ടാകുന്ന കാര്യക്ഷമമായ മൂലധനനിക്ഷേപവും ആവശ്യമാണ്. അല്ലാത്തപക്ഷം സാമ്പത്തിക അച്ചടക്കമില്ലായ്മയും അതുവഴി ആർബിഐയുടെ നിയന്ത്രണവിധേയമല്ലാത്ത ഒരു സമാന്തര സാമ്പത്തികമേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയാർജിക്കുന്നതിനും കാരണമാകും. ഇതിന്റെ ഉദാഹരണങ്ങളാണു നാം പത്രമാധ്യമങ്ങളിലൂടെ നിരന്തരം കേൾക്കുന്ന സാമ്പത്തിക തട്ടിപ്പുകളുടെ കഥകൾ.**

കോടികളുടെ ആഡംബര ഫ്ളാറ്റുകളും വില്ലകളും വാങ്ങുന്നവരുമായി ഈ പാവം ഈയാംപാറ്റകളെ താരതമ്യപ്പെടുത്തി നിഷ്ക്കരുണം കൊള്ളപ്പലിശ വാങ്ങുവാൻ ധനകാര്യ സ്ഥാപനങ്ങളെ അനുവദിക്കുന്നതു നീതിയല്ല. ഇന്നു നമ്മുടെ ബാങ്കുകളിൽ നിന്നു കൃഷിക്കും കൃഷി അനുബന്ധ ആവശ്യങ്ങൾക്കുമായി എടുത്തിട്ടുള്ള ഭീമൻ വായ്പകളിൽ നല്ല പങ്കും അതിനുകൊടുത്തിരിക്കുന്ന ഇൻഷുറൻസ് പരിരക്ഷയും ബോധപൂർവമുള്ള തിരിമറികളാണ്.

തങ്ങളുടെ കള്ളപ്പണം വെളുപ്പിക്കുന്നതിനായി ബാങ്കുകളെ സമീപിക്കുന്നവരെയും കിടപ്പാടവും കൃഷിസ്ഥലവും പണയപ്പെടുത്തി സത്യസന്ധമായി ഇടപാടുകൾ നടത്തുന്നവരെയും ഒരേ മാനദണ്ഡത്തിൽ കാണുന്നതു നീതിക്കു നിരക്കാത്തതാണ്. ലോകമെമ്പാടും സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ അമർന്നപ്പോഴും നമ്മുടെ രാജ്യം കാര്യമായ പരുക്കുകളില്ലാതെ രക്ഷപ്പെട്ടത് ഇന്ത്യയുടെ ശക്തമായ കാർഷിക മേഖലയും അതിനെ താങ്ങിനിർത്തുന്ന ഇടത്തരക്കാരായ സാധാരണ കർഷകരും കാരണമാണ്.

നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാണ്യപ്പെരുപ്പത്തിന്റെ മറ്റൊരു പ്രധാനകാരണം ഉയർന്ന സാമ്പത്തിക വളർച്ചയിലൂടെ ജനങ്ങളിൽ വന്നു ചേരുന്ന വരുമാനത്തിന്റെ ഒരു വിഹിതം നിക്ഷേപങ്ങളായി മാറുന്നില്ല എന്നതാണ്. വരുമാനത്തിന്റെ ഏറിയ പങ്കും ഉപഭോഗവസ്തുക്കൾക്കും ആഡംബരാവശ്യങ്ങൾക്കുമായി ചിലവഴിക്കപ്പെടുന്നു. അതുമൂലം സമ്പാദ്യവും അതുവഴിയുള്ള മൂലധന നിക്ഷേപവും വർധിക്കാത്തതുകൊണ്ട് ഉത്പാദന പ്രക്രിയയ്ക്കു ഗതിവേഗം കുറയുന്നു. ഈ കാരണങ്ങളാൽ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ആവശ്യമായ നടപടികൾ കണ്ടെത്തി ഗവൺമെണ്ടിനെ ഉപദേശിക്കുവാനുള്ള ബാധ്യതയും റിസർവ് ബാങ്കിന് ഉണ്ട്.

രാജ്യപുരോഗതിക്കായി പൊതുഖജനാവിൽ നിന്നും മുടക്കുന്ന കോടാനുകോടികൾ ലക്ഷ്യം കാണുന്നുണ്ടോയെന്നും അതു രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നും പഠനങ്ങൾ നടത്തി ഫലവത്തായ നിർദ്ദേശങ്ങൾ ഗവൺമെണ്ടിനു കൊടുക്കുവാൻ റിസർവ് ബാങ്കിനു കഴിയേണ്ടതല്ലേ?

ഒരു രാജ്യം സാമ്പത്തിക പുരോഗതി നേടുമ്പോൾ അതോടൊപ്പം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ തന്നെയാണു നമ്മുടെ രാജ്യത്തും കണ്ടുകൊണ്ടിരിക്കുന്നത് ജനങ്ങളുടെ ജീവിത നിലവാരം ഉയരുകയും ആവശ്യങ്ങൾ വർധിക്കുകയും അതു നേടുന്നതിനുള്ള അവരുടെ ക്രയശേഷിയും വർധിക്കുന്ന സ്ഥിതിവിശേഷമാണു സാമ്പത്തിക പുരോഗതി. അതുകൊണ്ടു തന്നെ നാണ്യപ്പെരുപ്പം സാമ്പത്തിക വളർച്ചയുടെ ലക്ഷണമായി കൂടി സാമ്പത്തിക വിദഗ്ധർ കരുതാറുണ്ട്.

എന്നാൽ, സന്തുലിതമായ സാമ്പത്തിക വളർച്ചയ്ക്കു ജനങ്ങളുടെ വർധിച്ച തോതിലുള്ള സമ്പാദ്യശീലവും അതുവഴിയുണ്ടാകുന്ന കാര്യക്ഷമമായ മൂലധനനിക്ഷേപവും ആവശ്യമാണ്. അല്ലാത്തപക്ഷം സാമ്പത്തിക അച്ചടക്കമില്ലായ്മ ശക്തമാകും. ആർബിഐയുടെ നിയന്ത്രണവിധേയമല്ലാത്ത ഒരു സമാന്തര സാമ്പത്തികമേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയാർജിക്കുന്നതിന് ഇതു കാരണമാകും. ഇതിന്റെ ഉദാഹരണങ്ങളാണു നാം പത്രമാധ്യമങ്ങളിലൂടെ നിരന്തരം കേൾക്കുന്ന സാമ്പത്തിക തട്ടിപ്പുകളുടെ കഥകൾ.

ഇതിനുത്തരവാദികൾ തട്ടിപ്പു നടത്തുന്നവരും, അതിനിരയാകുന്നവരും മാത്രമല്ല. സാമ്പത്തിക പുരോഗതിയിലൂടെ ജനങ്ങളിൽ വന്നുചേരുന്ന അധിക വരുമാനം സമ്പാദ്യം വഴി മൂലധനനിക്ഷേപമായി മാറ്റി രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്കു മുതൽകൂട്ടാൻ കഴിയാത്ത അധികൃതർ കൂടിയാണ്. ഇതിന്റെ ആകെത്തുകയാണു നമ്മുടെ സമ്പദ്ഘടനയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന കള്ളപ്പണം എന്ന അർബുദം. റിസർവ് ബാങ്കിന്റെ കൈവശമുള്ള യാഥാസ്ഥിതികമായ ചികിത്സാരീതികൾ പലപ്പോഴും നാണ്യപ്പെരുപ്പം നിയന്ത്രിക്കുന്നതിൽ ഫലം കാണാത്തതിന്റെ കാരണവും ഇതു തന്നെ.



ഉത്പാദനപ്രക്രിയയെ സഹായിക്കുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണം. അതോടൊപ്പം തന്നെ ഉത്പാദന പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്ന നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കുകയും വേണം. ഇതിനാവശ്യമായ ഇടപെടലുകൾ കേന്ദ്രസർക്കാരിന്റെയും റിസർവ്ബാങ്കിന്റെയും ഭാഗത്തുനിന്നും ഉണ്ടായെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലങ്ങൾ നേടുന്നതിൽ റിസർബാങ്കിന്റെ യാഥാസ്ഥിതിക നടപടികൾ വിജയം കാണുകയുള്ളു

***







**21.** തടവുപുള്ളികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതു വ്യാപകമായതായ റിപ്പോർട്ടിനെത്തുടർന്നു രണ്ടാഴ്ചയിലൊരിക്കൽ ജയിലിൽ റെയ്ഡ് നടത്താൻ പോലീസിനു സർക്കാർ അനുമതി നല്കി.

✸ ഡോ.ബി.അശോകിനെ വെറ്ററിനറി സർവകലാശാല വൈസ് ചാൻസലർ സ്ഥാനത്തു നിന്നും നീക്കി.

**22.** ടി.അസഫലിയെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി നിയമിച്ച സർക്കാർ ഉത്തരവു ഹൈക്കോടതി ശരിവച്ചു.



✸ ചലച്ചിത്രഗാന രചയിതാവും നടനുമായിരുന്ന മുല്ലനേഴി (മുല്ലനേഴി നീലകണ്ഠൻ നമ്പൂതിരി-64) അന്തരിച്ചു.

**23.** തുലാമാസപൂജ പൂർത്തിയാക്കി ശബരിമല അയ്യപ്പക്ഷേത്രനട അടച്ചു.

✸ മുൻ എം.പിയും സിപിഎം സംസ്ഥാന കമ്മിറ്റി അംഗവുമായിരുന്ന ടി.ഗോവിന്ദൻ (71) അന്തരിച്ചു.

**24.** ബസ് യാത്രയ്ക്കിടയിൽ പെരുമ്പാവൂരിൽ സഹയാത്രികരുടെ മർദനമേറ്റു മരിച്ച രഘുവിന്റെ ഭാര്യ കസ്തൂരി, സർക്കാർ ജോലിക്കുള്ള നിയമന ഉത്തരവു ധനമന്ത്രി കെ.എം.മാണിയിൽ നിന്നും ഏറ്റുവാങ്ങി.



**25.** അഡ്വ.ടോംജോസ് പടിഞ്ഞാറെക്കരയെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുമായി നിയമിച്ചു.

✸ കേരളത്തിലെ പ്രഥമ ക്രൈസ്തവ പുരോഹിത റവ.മരതകവല്ലി ഡേവിഡ് (60) അന്തരിച്ചു.



**26.** നവാഗത ചലച്ചിത്ര സംവിധായകനുള്ള 2010 ലെ സംസ്ഥാന അവാർഡ് ജേതാവും നാടക പ്രവർത്തകനുമായ മോഹൻ രാഘവൻ (48) അന്തരിച്ചു.

**27.** ഐ.എച്ച്.ആർ.ഡിയിലെയും മോഡൽ ഫിനിഷിംഗ് സ്കൂളിലെയും ക്രമക്കേടുകളുടെ പേരിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടർ ഡോ.വി. സുബ്രഹ്മണിയെ സസ്പെൻഡു ചെയ്തു.




**21.** കേന്ദ്ര ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ മനുഷ്യവികസന സൂചികയിൽ ഡൽഹിയെ പിന്തള്ളി കേരളം ഒന്നാം സ്ഥാനത്തെത്തി.

✸ നോയിഡയിലെ ഗൗതം ബുദ്ധനഗർ ജില്ലയിലെ മൂന്നു ഗ്രാമങ്ങളിലായി മൂവായിരം ഏക്കർ കൃഷിഭൂമി വികസന ആവശ്യങ്ങൾക്കായി ഏറ്റെടുക്കാനുള്ള ഉത്തർപ്രദേശ് സർക്കാരിന്റെ വിജ്ഞാപനം അലഹബാദ് ഹൈക്കോടതി റദ്ദാക്കി.



**22.** 2 ജി സ്പെക്ട്രം കേസിൽ ഡി.എം.കെ.നേതാക്കളായ മുൻ ടെലികോം മന്ത്രി എ.രാജ, കനിമൊഴി എം.പി എന്നിവരടക്കം 17 പ്രതികളുടെ പേരിൽ സിബിഐ കോടതി വിശ്വാസ ലംഘനം ഉൾപ്പെടെയുള്ള കുറ്റങ്ങൾ ചുമത്തി.

✸ ന്യായമായ കാരണങ്ങളാൽ നേഴ്സിംഗ് പഠനം ഇടയ്ക്കുവച്ചു നിർത്തുന്നവരുടെ സർട്ടിഫിക്കറ്റ് തടഞ്ഞു വയ്ക്കാനോ ഇത്തരക്കാരിൽ നിന്നു പൂർണ ഫീസ് ഈടാക്കാനോ പാടില്ലെന്ന് ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ.



**23.** അർബുദ ബാധിതനായി ചികിത്സയിലായിരുന്ന തമിഴ്നാട് സ്പോർട്സ് യുവജനകാര്യമന്ത്രി സി.കറുപ്പുസ്വാമി (56) അന്തരിച്ചു.

✸ നാവികസേന മുൻ മേധാവി റിട്ട. അഡ്മിറൽ ഓസ്കർ സ്റ്റാൻലി ഡോസൻ (88) അന്തരിച്ചു.

**24.** മോശമായ കാലാവസ്ഥയിൽ പെട്ടു നിയന്ത്രണ രേഖ ലംഘിച്ചു പാക് അധിനിവേശ കാശ്മീരിൽ 25 കി.മീ. പറന്ന ഇന്ത്യൻ കരസേനയുടെ ഹെലികോപ്റ്റർ പാകിസ്ഥാൻ കസ്റ്റഡിയിലെടുത്തശേഷം വിട്ടയച്ചു.



✸ ടെലികോം മേഖലയിലെ വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിക്കുന്ന കാര്യത്തിൽ ടെലികോം റെഗുലേറ്ററി അതോറിട്ടിക്കോ ടെലികോം ട്രൈബ്യൂണലിനോ അല്ല കേന്ദ്ര സർക്കാരിനാണു പരമാധികാരമെന്നു സുപ്രീം കോടതി.

**25.** പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനു വേണ്ടി റിസർവ് ബാങ്ക് റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകൾ കാൽശതമാനം ഉയർത്തി.



✸ 2010ൽ നടന്ന കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റകൃത്യങ്ങൾ സംബന്ധിച്ചു നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളവും, കേന്ദ്രഭരണ പ്രദേശങ്ങളുടെ പട്ടികയിൽ പുതുച്ചേരിയും ഒന്നാമത്.

**26.** കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി ടെർമിനലിന്റെ ശേഷി 25 ലക്ഷം ടണ്ണിൽ നിന്ന് 50 ലക്ഷം ടണ്ണായി ഉയർത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നല്കി.

**27.** അമിതാഭ് ബച്ചൻ അവതാരകനായ പ്രസിദ്ധ ടെലിവിഷൻ പരിപാടി കോൻ ബനേഗാ ക്രോർപതിയിൽ ഒന്നാം സമ്മാനമായ അഞ്ചുകോടി രൂപ ആദ്യമായി ബീഹാർ സ്വദേശി സുശീൽകുമാർ (28) നേടി.






**21.** ഇന്ത്യയോ യു.എസോ അടക്കംഏതെങ്കിലും രാജ്യം പാക്കിസ്ഥാനെ ആക്രമിച്ചാൽ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാനൊപ്പം നില്ക്കുമെന്നു പ്രസിഡണ്ട് ഹമീദ് കർസായി.



✸ സൗദി അറേബ്യയിലെ കിരീടാവകാശിയും പ്രധാനമന്ത്രിയും പ്രതിരോധ, വ്യോമയാന മന്ത്രിയുമായ സുൽത്താൻ ബിൻ അബ്ദുൾ അസീസ് അൽ സൗദ് രാജകുമാരൻ (80) അന്തരിച്ചു.



**22.** ഇന്ത്യയിലെ കാർട്ടൂണിസ്റ്റുകളുടെ കാരണവർ എന്നറിയപ്പെട്ട പി.കെ.എസ്.കുട്ടി (90) അമേരിക്കയിലെ മാസിഡണിൽ അന്തരിച്ചു.



✸ യു.എൻ. രക്ഷാസമിതിയിലെ രണ്ടു വർഷം കാലാവധിയുള്ള താത്ക്കാലി കാംഗമായി പാകിസ്ഥാൻ തെരഞ്ഞെടുക്കപ്പെട്ടു.

✸ യെമൻ പ്രസിഡണ്ട് അലി അബ്ദുള്ള സാലെ ഉടൻ സ്ഥാനമൊഴിയണമെന്നു യു.എൻ. രക്ഷാസമിതിയിലെ 15 അംഗങ്ങൾ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി.



**23.** റിക്ടർ സ്കെയിലിൽ 7.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തെത്തുടർന്നു കിഴക്കൻ തുർക്കിയിൽ കെട്ടിടങ്ങൾ തകർന്ന് ആയിരത്തോളം പേർ കൊല്ലപ്പെട്ടു.



✸ പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി സുൾഫിക്കർ അലി ഭൂട്ടോയുടെ ഭാര്യയും കൊല്ലപ്പെട്ട മുൻ പ്രധാനമന്ത്രി ബേനസീർ ഭൂട്ടോയുടെ അമ്മയുമായ നുസ്രത്ത് ഭൂട്ടോ (82) ദുബായിൽ അന്തരിച്ചു.



✸ മിഷണറി പ്രവർത്തനത്തിനും സാമൂഹിക സേവനത്തിനും നല്കിയ നിസ്തുല സംഭാവനകൾ പരിഗണിച്ച് ഇറ്റലിക്കാരായ ബിഷപ് ഗൈഡോമരിയ കൺഫോർട്ടി (1865-1931), ലിഗി ഗുവാ നൊല്ല (1842-1915), സ്പെയിൻ സ്വദേശിനി ബോണിഫേസിയ റോഡ്രിഗ്സ് കാസ്ട്രോ (1837-1905) എന്നിവരെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു.

**24.** മു അമ്മർ ഗദ്ദാഫിക്കെതിരായ പ്രക്ഷോഭത്തിന് ആരംഭം കുറിച്ച ബെൻഗാസി നഗരത്തിലെ ഫ്രീഡം ഗ്രൗണ്ടിൽ ദേശീയ പരിവർത്തന സമിതി ലിബിയ സ്വതന്ത്ര രാഷ്ട്രമായതായി പ്രഖ്യാപിച്ചു.

✸ വിസാ ചട്ടം ലംഘിച്ചുവെന്ന പേരിൽ ഓസ്ട്രേലിയയിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്ന ഇന്ത്യൻ വിദ്യാർത്ഥി പ്രശാന്ത് ചെർകുപളിക്ക് 5.97 ലക്ഷം ഓസ്ട്രേലിയൻ ഡോളർ (3.05 കോടി രൂപ) നഷ്ടപരിഹാരം നല്കാൻ ഓസ്ട്രേലിയയിലെ മനുഷ്യാവകാശ കമ്മീഷൻ വിധിച്ചു.

✸ അമേരിക്കയുടെ സാമ്പത്തിക ഉപരോധത്തെത്തുടർന്നു പ്രതിസന്ധിയിലായ വിക്കിലീക്സ് വെബ്സൈറ്റ് സേവനം നിർത്തി.



**25.** ലിബിയയിലെ മുൻ ഏകാധിപതി കൊല്ലപ്പെട്ട മു അമ്മർ ഗദ്ദാഫിയുടെ മൃതദേഹം രഹസ്യകേന്ദ്രത്തിൽ കബറടക്കി.



✸ ലിബിയയിലെ സിർത്തിൽ എണ്ണ ഡിപ്പോയിലെ ടാങ്ക് പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ 100 പേർ കൊല്ലപ്പെട്ടു.

**26.** പാക് അധീന പഞ്ചാബ് ഗവർണർ സൽമാൻ തസീറിന്റെ ഘാതകനു വധശിക്ഷ വിധിച്ച തീവ്രവാദ വിരുദ്ധ കോടതി ജഡ്ജി പർവേസ് അലി ഷായെയും കുടുംബത്തെയും തീവ്രവാദികളുടെ ഭീഷണിയെത്തുടർന്നു പാകിസ്ഥാൻ സർക്കാർ സൗദി അറേബ്യയിലേക്കു മാറ്റി.

✸ യു.എന്നിനു കീഴിലുള്ള ഇക്കണോമിക് ആന്റ് സോഷ്യൽ കൗൺസിലിലേക്ക് ഇന്ത്യ, ഇന്തോനേഷ്യ, ജപ്പാൻ എന്നീ രാജ്യങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു.

**27.** ക്യൂബയ്ക്കു മേൽ അരനൂറ്റാണ്ടു കാലമായി അമേരിക്ക തുടരുന്ന സാമ്പത്തിക ഉപരോധം പിൻവലിക്കണമെന്ന് ഐക്യരാഷ്ട്ര പൊതുസഭ ആവശ്യപ്പെട്ടു.

✸ വടക്കൻ അഫ്ഗാനിസ്ഥാനിലെ വാൻ പ്രവിശ്യയിൽ ഇന്ധനടാങ്ക് പൊട്ടിത്തെറിച്ച് 50 പേർ കൊല്ലപ്പെട്ടു.

✸✸✸




## കേരളവികസനവും ക്രൈസ്തവ സംഭാവനകളും

*എഡി:* **ജെ.ഇലഞ്ഞിമറ്റം**
പ്രസാ: മെറിറ്റ് ബുക്സ്, എറണാകുളം-18
*വില : ₹ 100/-*
*ഫോൺ: 0484-3257115*




കമ്യൂണിസം വേരിറങ്ങിയിട്ടും ബംഗാളിലേതുപോലെ സെൽഭരണം കേരളത്തിൽ രൂക്ഷമാകാതിരുന്നതിനും, വിവേകാനന്ദൻ ഒരിക്കൽ ഭ്രാന്താലയം എന്നു വിളിച്ച ഈ നാടു സംസ്കാര സമ്പന്നമായതിനും, മറ്റു സംസ്ഥാനങ്ങളുടെയും കേരളത്തിന്റെയും സാക്ഷരതാ നിലവാരം തമ്മിൽ ഇത്ര അന്തരമുണ്ടായതിനും, ആരോഗ്യവും ആയുർദൈർഘ്യവും പ്രധാനഘടകമായ ലോകപ്രശസ്ത 'കേരള മോഡൽ' രൂപപ്പെട്ടതിനും പിന്നിലുള്ള കാരണമന്വേഷിച്ചാൽ നാം ചെന്നെത്തുക ഇന്നാട്ടിലെ ക്രൈസ്തവസമുദായത്തിന്റെ സാമൂഹികോദ്ധാരണ പരിശ്രമങ്ങളിലാണ്.

ക്രൈസ്തവർ അന്വേഷിക്കാൻ മെനക്കെടാത്തതും വർഗീയവാദികളും വർഗസമരവാദികളും തമസ്കരിക്കാൻ ശ്രമിക്കുന്നതുമായ ക്രൈസ്തവരുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സംഭാവനകളെ അതതു രംഗങ്ങളിലെ പണ്ഡിതരുടെ തൂലികയിലൂടെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു. കേരള ചരിത്രരചനയിൽ വിട്ടുപോവുകയോ അവഗണിക്കപ്പെട്ടു കളയുകയോ ചെയ്തഒട്ടേറെ വസ്തുതകൾ ഈ ലേകനങ്ങൾ പുറത്തുകൊണ്ടുവരുന്നു എന്നതു ശ്രദ്ധേയമാണ്.

## ഘടോൽക്കചൻ

*പുന:* **ഉല്ലല ബാബു**
പ്രസാ: ഡി.സി.ബുക്സ് കോട്ടയം-01
*വില : ₹ 60/-*
*ഫോൺ: 0481-2564758*




അനശ്വരങ്ങളായ കഥാപാത്രങ്ങളിലൂടെ ഭാരതീയ ഇതിഹാസ സഞ്ചയത്തെ കുട്ടികൾക്കും മുതിർന്നവർക്കുമായി അവതരിപ്പിക്കുന്ന ഡി.സി.ബുക്സ് പരമ്പരയാണു 'പുരാണ കഥാപാത്രങ്ങൾ'.

ലളിതമായും ആസ്വാദ്യകരമായും പുരാണത്തനിമ നിലനിർത്തിയുമാണ് ഓരോ കഥാപാത്രത്തിന്റെയും ജീവിതകഥ പുനരാഖ്യാനം ചെയ്തിരിക്കുന്നത്. ഇതിലെ വേറിട്ടൊരു രചനയാണു 'ഘടോൽക്കചൻ!'

പിറക്കുമ്പോൾതന്നെ വിചിത്രമാർന്നതായിരുന്നു അവന്റെ രൂപം. വലിയ വായ്, കൂർത്ത ചെവി, തുറിച്ച കണ്ണുകൾ, ഭീമമായ ശബ്ദം, ചുവന്ന ചുണ്ട്, നീണ്ടു മൂർച്ചയേറിയ പല്ലുകൾ-ആകെക്കൂടി ഭയാനകമായ രൂപം.

അമാനുഷിക ശക്തിയായിരുന്നു അവന്. ഘടംപോലെ തലയുള്ള അവനെ ഘടോൽക്കചൻ എന്നു വിളിച്ചു. ഭീമസേന പുത്രനായ ഘടോൽക്കചന്റെ ഉദ്വേഗജനകമായ ജീവിതകഥ.

## അനന്യനായ അസ്സീസി

**സാധു ഇട്ടിയവിര**
പ്രസാ: മീഡിയാ ഹൗസ്, കോഴിക്കോട്-04
*വില : ₹ 30/-*
*ഫോൺ: 011-2275317*




അസ്സീസിയിലെ ഫ്രാൻസിസ് തികച്ചും അനന്യനായിരുന്നു. സഭാചരിത്രത്തിലും മാനവചരിത്രത്തിലും അദ്ദേഹം വ്യത്യസ്തനായി നിലകൊള്ളുന്നു. ഒരു അവധൂതന്റെ മനസ്സോടെ. ചരാചരങ്ങളോടു സഹോദര തുല്യം വർത്തിച്ചു കടന്നു പോയ ഒരാൾ.

യേശുവിനെപ്പോലെ എല്ലാം സ്നേഹത്തിന്റെ വെളിച്ചത്തിലാണു ഫ്രാൻസിസ് കണ്ടിരുന്നത്. കത്തോലിക്കാസഭയിലെ വിശുദ്ധൻ എന്നതിലേറെ, സർവ്വാദരണീയനായ സാധുവും സമാരാധ്യനായ സന്യാസിയും ആണ് അദ്ദേഹം. ഫ്രാൻസിസ്കൻ സഭകളുടെ സ്ഥാപകൻ എന്നതിനപ്പുറം, ലോകത്തെ മുഴുവൻ തന്റെ കൊച്ചു ഹൃദയത്തിൽ ഉൾക്കൊണ്ട വലിയ മനുഷ്യനായിരുന്നു ഫ്രാൻസിസ്.

സർവാശ്ലേഷിയായിരുന്നു അദ്ദേഹത്തിന്റെ സ്നേഹം. ഒരു ചിത്രകഥാ പുസ്തകം പോലെ ലളിതവും സുന്ദരവുമായ ഈ ലഘു ജീവചരിത്രം പക്ഷേ, ഫ്രാൻസിസിന്റെ സാംഗത്യവും ദർശനഗരിമയും വ്യക്തമാക്കുന്നതാണ്.

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*